PRICE ₹ 50/-

കേരള നിയമസഭയുടെ
ഔദ്യോഗിക ന്യൂസ് മാഗസിൻ

# അറിവോരം

VOL 6 I ISSUE 4 I BIMONTHLY I AUGUST 2026 I 40 PAGES



കേരള നിയമസഭയുടെ
ഔദ്യോഗിക ന്യൂസ് മാഗസിൻ

# അറിവോരം

വാല്യം 6 ലക്കം 4 ആഗസ്റ്റ് 2026

പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**നിയമസഭാ സ്പീക്കർ**

എക്സിക്യൂട്ടീവ് എഡിറ്റർ
**ഷാജി സി. ബേബി**
സെക്രട്ടറി – ഇൻ – ചാർജ്

അംഗങ്ങൾ

**കെ. മോഹനകുമാർ**
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

**ദിനേഷ്കുമാർ കെ**
സ്പീക്കറുടെ അസിസ്റ്റന്റ്
പ്രൈവറ്റ് സെക്രട്ടറി

**എം. എസ് വിജയൻ**
അഡീഷണൽ സെക്രട്ടറി

**വി.ജി. റിജു**
ജോയിന്റ് സെക്രട്ടറി

**ജ്യോതി എൽ.**
ജോയിന്റ് സെക്രട്ടറി

പ്രത്യേക ക്ഷണിതാവ്
**നിസാം എസ്**
സ്പീക്കറുടെ പ്രസ്സ് സെക്രട്ടറി

പ്രസിദ്ധീകരണ വിഭാഗം
**വിവര വിഭവ വികസന 'ബി' വിഭാഗം**

രൂപകൽപ്പന
**ബിജി ജോൺ**

അച്ചടി
**നിയമസഭാ പ്രിന്റിംഗ് പ്രസ്സ്**

**കേരള നിയമസഭാ പ്രസിദ്ധീകരണം**
ഇ-മെയിൽ: kladrd@gmail.com
ഫോൺ : 0471-2512493, 2353

## മൊഴിമുഴക്കം

"മുന്നേറാനുള്ള രഹസ്യം,
തുടങ്ങിവയ്ക്കുക എന്നതാണ്"

**- മാർക്ക് ട്വൈൻ**



ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലേഖനങ്ങളിലെ ആശയങ്ങൾക്കും അഭിപ്രായങ്ങൾക്കുമുള്ള പൂർണ്ണ ഉത്തരവാദിത്വം ലേഖകരിൽ നിക്ഷിപ്തമാണ്.

# ഉൾത്താളുകളിലൂടെ ......


| | |
|---|---|
| സഭാധ്യക്ഷന്റെ പേജ് | 04 |
| സഭാനേതാവിന്റെ പേജ് | 06 |
| പ്രതിപക്ഷ നേതാവിന്റെ പേജ് | 08 |
| ഡെപ്യൂട്ടി സ്പീക്കറുടെ പേജ് | 11 |
| സ്പീക്കറുടെ പൊതുപരിപാടികൾ | 12 |
| സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ | 13 |
| കേരള നിയമസഭ സന്ദർശനം | 14 |
| സഭാ സമ്മേളന വാർത്ത | 15 |
| സമുച്ചയത്തിലെ പരിപാടികൾ | 17 |
| സുപ്രധാന കോടതി വിധികൾ | 21 |
| ചിത്രജാലകം | 22 |
| നിയമസഭാ സമിതികൾ | 24 |
| സർവകലാശാലകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട സാമാജികർ | 28 |
| വിജ്ഞാനപഥം | 30 |
| സഭാതലത്തിലെ മായാത്ത വ്യക്തിത്വങ്ങൾ | 31 |
| സഭാ നായകരുടെ ജീവിതരേഖയിലൂടെ | 32 |
| നിയമസഭാ പ്രസംഗങ്ങളിലൂടെ | 33 |
| ഇതരസഭാ വാർത്തകൾ | 36 |
| വേർപാട് | 36 |
| നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ | 38 |



# മുഖപ്രസംഗം

**തിരുവഞ്ചൂർ രാധാകൃഷ്ണൻ**
സ്പീക്കർ

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം 2026 മേയ് 21 മുതൽ ജൂലൈ 1 വരെയുള്ള ദിവസങ്ങളിൽ നടന്നു. ആകെ പതിമൂന്ന് ദിവസങ്ങളാണ് സഭ സമ്മേളിച്ചത്. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞയോടെ ആരംഭിച്ച സമ്മേളനത്തിൽ സ്പീക്കറുടെ തിരഞ്ഞെടുപ്പ്, ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം, ഡെപ്യൂട്ടി സ്പീക്കറുടെ തിരഞ്ഞെടുപ്പ്, 2026-27 വർഷത്തേക്കുള്ള പുതിയ ബജറ്റ് അവതരണം എന്നിവ നടന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച ധവളപത്രവും മുഖ്യമന്ത്രി സഭയുടെ മേശപ്പുറത്തു വച്ചു.

കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായി ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ ഒരു റഫറൻസ് ഈ സഭ പരിഗണിച്ചു. The Kerala (Alteration of Name) Bill 2026 സഭ പരിഗണിക്കുകയും സഭയുടെ യോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തു.

പതിനാറാം കേരള നിയമസഭയിലെ അംഗങ്ങൾക്കായി ജൂൺ 17, 18 എന്നീ തീയതികളിൽ പരിശീലന പരിപാടി സംഘടിപ്പിക്കുകയും അംഗങ്ങൾ വളരെ താത്പര്യപൂർവ്വം പരിശീലനത്തിൽ പങ്കെടുക്കുകയും ചെയ്തു. അംഗങ്ങൾക്കായി തുടർ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത് പരിഗണനയിലാണ്.

ചട്ടം 118 പ്രകാരം രണ്ട് പ്രമേയങ്ങൾ ഈ സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ടു. Foreign Contribution (Regulation) Act-ലേയും ചട്ടങ്ങളിലേയും ഭേദഗതികൾ റദ്ദാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിക്കുകയും സഭ പാസ്സാക്കുകയും ചെയ്തു. നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് ദേശീയ പരീക്ഷാ സംവിധാനം സമഗ്രമായി പരിഷ്കരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം ഉന്നതവിദ്യാഭ്യാസ വകുപ്പു മന്ത്രി അവതരിപ്പിക്കുകയും സഭ അംഗീകരിക്കുകയും ചെയ്തു.

ഒട്ടേറെ സവിശേഷതകളോടെയാണ് പതിനാറാം കേരള നിയമസഭ നിലവിൽ വന്നത്. മുൻപുണ്ടായിട്ടില്ലാത്ത രീതിയിൽ പകുതിയിലധികം- എഴുപത്തിയൊന്നുപേർ - അംഗങ്ങൾ പുതുമുഖങ്ങളാണ് എന്നതാണ് അതിൽ ഏറ്റവും പ്രധാനം. അനുഭവ സമ്പത്തും യുവത്വവും ശരിയായ അനുപാതത്തിൽ ഒത്തുചേർന്ന സഭയാണിത്. നവീനമായ ആശയങ്ങളും പ്രവർത്തന



രീതികളും ഈ സഭയിൽ നിന്നും ജനങ്ങൾ പ്രതീക്ഷിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. അതിവേഗം മാറിവരുന്ന സാങ്കേതിക വിദ്യയുടെയും വിവര വിസ്ഫോടനത്തിന്റെയും കാലഘട്ടത്തിലെ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ പരമ്പരാഗത സമീപനങ്ങൾ മതിയാവില്ല എന്നതാണ് നമ്മുടെ ജനാധിപത്യം നേരിടുന്ന വെല്ലുവിളി. മാറുന്ന കാലഘട്ടത്തിന്റെ സ്പന്ദനങ്ങളെ പ്രതിഫലിപ്പിക്കാൻ കഴിയുന്ന വേദിയാക്കി നമ്മുടെ സഭയെ നമുക്ക് രൂപപ്പെടുത്തണം. അനുഭവ സമ്പന്നരായ അംഗങ്ങൾ സ്വയം നവീകരിക്കുകയും പുതിയ അംഗങ്ങൾക്ക് ഉയർന്ന മാതൃകകൾ കാഴ്ചവെക്കുകയും വേണം.

കേരള നിയമസഭയും പൊതുജനങ്ങളും തമ്മിൽ കൂടുതൽ ദൃഢമായ ഒരു ബന്ധം സൃഷ്ടിക്കണമെന്ന ആഗ്രഹം എനിക്കുണ്ട്. ജനാധിപത്യത്തിൽ ജനങ്ങൾ കാഴ്ചക്കാരല്ല, പങ്കാളികളാവണം. ആ പങ്കാളിത്തം നിയമനിർമ്മാണ സഭകളിലും പ്രതിഫലിക്കണം. ജനങ്ങൾക്ക് നിയമസഭയിൽ ചോദ്യങ്ങൾ ചോദിക്കാനുള്ള അവസരം ഒരുക്കുന്നതിനെക്കുറിച്ചുള്ള ഗൗരവമായ ആലോചനകൾ നടക്കുകയാണ്. അതിന്റെ രൂപവും ഭാവവും എങ്ങനെയായിരിക്കണമെന്നതിനെ സംബന്ധിച്ച് അവസാന തീരുമാനം ആയിട്ടില്ല. കാലതാമസമില്ലാതെ തന്നെ അത് നടപ്പിലാക്കണം എന്നാണ് കരുതുന്നത്.

സഭാ നടപടികൾ വീക്ഷിക്കുന്നതിലും അവയോട് പ്രതികരിക്കുന്നതിലും പൊതുജനങ്ങൾക്കിടയിൽ അഭൂതപൂർവ്വമായ താത്പര്യം ഉണ്ടെന്നാണ് ഈ കഴിഞ്ഞ സഭാകാലയളവ് വ്യക്തമാക്കുന്നത്. സഭാ ടിവിയുടെ പ്രേക്ഷകരുടെ സംഖ്യയിൽ മുൻപെങ്ങുമുണ്ടായിട്ടില്ലാത്ത വർധനവാണ് രേഖപ്പെടുത്തിയത്. സഭാ ടിവിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ജനസൗഹൃദമായി മാറ്റുന്നതിനുള്ള നടപടികളെക്കുറിച്ചും ആലോചനകൾ നടക്കുന്നുണ്ട്.

ഇപ്പോൾ സഭാ ടിവി ആർകൈവ്സ് എന്ന ഒരു യൂട്യൂബ് ചാനൽ കൂടി ആരംഭിച്ചിരിക്കുകയാണ്. കേരള നിയമസഭയുടെ ചരിത്രപരമായ ഓഡിയോ-വിഷ്വൽ രേഖകൾ ഡിജിറ്റലായി സംരക്ഷിക്കുകയും പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുകയാണ് സഭാ ടിവി ആർക്കൈവ്സിന്റെ പ്രധാന ദൗത്യം.

മുഖ്യധാരാ മാധ്യമങ്ങളിലെ നിയമസഭാ റിപ്പോർട്ടിംഗ് സവിശേഷമായ പരിശീലനം ആവശ്യമായ മേഖലയാണെന്നത് ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. നിയമസഭാ പ്രവർത്തനങ്ങളുടെ യഥാർഥ ചിത്രം ജനങ്ങളിലേക്കെത്തിക്കുന്നതിന് പുതുതലമുറ മാധ്യമ പ്രവർത്തകർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും ആലോചനയുണ്ട്.

കേരള നിയമസഭ ഒട്ടേറെ രംഗങ്ങളിൽ ഇന്ത്യയിലെ മറ്റ് നിയമനിർമ്മാണ സഭകൾക്ക് മാതൃകയായ സഭയാണ്. സഭ ചേരുന്ന ദിനങ്ങളുടെ എണ്ണത്തിലും സഭയിലെ ചർച്ചകളുടെ നിലവാരത്തിലും ഉന്നതമായ സ്ഥാനമാണ് നമ്മുടെ സഭയ്ക്കുള്ളത്. പതിനാറാം കേരള നിയമസഭയെ കേരളത്തിന്റെ ജനവികാരം പൂർണ്ണമായും പ്രതിഫലിക്കുന്ന ഒന്നാക്കി മാറ്റാൻ നമുക്ക് ഒത്തൊരുമിച്ച് പരിശ്രമിക്കാം






**വി.ഡി. സതീശൻ**
മുഖ്യമന്ത്രി

# സ്വപ്നങ്ങൾക്ക് ചിറക് നൽകിയ പ്രിയദർശിനി

വീട്ടുചുവരുകൾക്കുള്ളിലെ ജോലികളിൽ നിന്നും തൊഴിലിടങ്ങളിലെ മാനസിക സമ്മർദ്ദങ്ങളിൽ നിന്നും മാറി, സാമ്പത്തിക ബാധ്യതകളില്ലാതെ സുരക്ഷിതമായി യാത്ര ചെയ്യുകയെന്ന സ്ത്രീകളുടെ സ്വപ്നങ്ങൾക്ക് ചിറകുനൽകിയ പദ്ധതിയായിരുന്നു ഈ സർക്കാർ നടപ്പാക്കിയ 'പ്രിയദർശിനി സൗജന്യ യാത്രാ പദ്ധതി'. പദ്ധതി വിജയിച്ചുവെന്നതിന്റെയും സ്ത്രീകൾ ഒറ്റക്കെട്ടായി ഏറ്റെടുത്തുവെന്നതിന്റെയും തെളിവാണ് സംസ്ഥാനത്തുടനീളെ ഇതിനോടകം അഞ്ച് ലക്ഷത്തിലധികം വനിതകൾ ഗുണഭോക്താക്കളായെന്നത്. പദ്ധതി ആരംഭിച്ച് ഒരു മാസം പിന്നിടുമ്പോൾ കെ.എസ്.ആർ.ടി.സി. യുടെ ബജറ്റ് ടൂറിസം മേഖലയിലും സമാനതകളില്ലാത്ത കുതിച്ചുചാട്ടമാണ് പ്രകടമാകുന്നത്.

ഇന്ത്യയിലെ ആഭ്യന്തര വിനോദസഞ്ചാരികളിൽ സ്ത്രീകളുടെ പങ്കാളിത്തം പൊതുവെ 30 ശതമാനം മുതൽ 35 ശതമാനം വരെ മാത്രമായി ചുരുങ്ങി നിൽക്കുന്ന ദേശീയ പശ്ചാത്തലത്തിലാണ് കേരളത്തിൽ വിപ്ലവകരമായ കുതിപ്പുണ്ടായത്. നേരത്തെ പ്രതിദിനം 3,106 വനിതകൾ യാത്ര ചെയ്തിരുന്ന ടൂറിസം റൂട്ടുകളിൽ ഇപ്പോൾ 94.5 ശതമാനം വർധനവുണ്ടായി. യാത്രക്കാരുടെ എണ്ണം പ്രതിദിനം 6,042.5 ആയി ഉയർന്നു. പ്രിയദർശിനി പദ്ധതിയുടെ സ്വാധീനത്താൽ കേരളത്തിലെ പ്രാദേശിക/ബജറ്റ് ടൂറിസത്തിലെ സ്ത്രീ പങ്കാളിത്തം 50 ശതമാനത്തിനും മുകളിലേക്ക് ഉയർന്നത് ദേശീയ ശരാശരിയെക്കാൾ ഏറെ മുന്നിലാണ്.

കർണാടകയിലെ 'ശക്തി' പദ്ധതി, തെലങ്കാന, തമിഴ്നാട്, ദില്ലി എന്നിവിടങ്ങളിലെ സൗജന്യ യാത്രാ പദ്ധതികൾ എന്നിവ പ്രാദേശിക നിവാസികളായ സ്ത്രീകൾക്ക് മാത്രമായി പരിമിതപ്പെടുത്തുമ്പോൾ, കേരളത്തിലെ പ്രിയദർശിനി പദ്ധതിയുടെ ഏറ്റവും വലിയ സവിശേഷത സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വനിതാ സഞ്ചാരികൾക്കും ലഭ്യമാണെന്നതാണ്. ഇത് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞ ചെലവിൽ കേരളം കാണാനെത്തുന്ന വനിതാ ടൂറിസ്റ്റുകളെയും ആകർഷിക്കുമെന്ന് ഉറപ്പാണ്. പൊന്മുടി, മലക്കപ്പാറ, നെല്ലിയാമ്പതി, ഗവി, കക്കാടംപൊയിൽ തുടങ്ങിയ

വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് കുടുംബശ്രീ പ്രവർത്തകരും തൊഴിലുറപ്പ് തൊഴിലാളികളും വീട്ടമ്മമാരും ഉൾപ്പെടുന്ന വനിതാ സംഘങ്ങൾ ഉൾപ്പെടെയുള്ള സ്ത്രീ കൂട്ടായ്മകളിലെ അംഗങ്ങൾ കൂട്ടത്തോടെ ഒഴുകിയെത്തുന്നത് പ്രാദേശിക കച്ചവടക്കാർക്കും ഗ്രാമീണ സമ്പദ്‌വ്യവസ്ഥയ്ക്കും പുത്തനുണർവ് ഉണ്ടാക്കിയിരിക്കുകയാണ്.

ആകെ യാത്രക്കാരിൽ സ്ത്രീകളുടെ പങ്കാളിത്തം 40 ശതമാനത്തിൽ നിന്നും 60 ശതമാനമായി ഉയർത്തിയ ജനകീയ പദ്ധതി, സ്ത്രീകളുടെ സാമൂഹിക മുന്നേറ്റത്തെ ഉത്തേജിപ്പിക്കുന്നതിനൊപ്പം കേരളത്തിലെ ടൂറിസം മേഖലയെയും പുനരുജ്ജീവിപ്പിക്കുന്ന വലിയൊരു ചാലക ശക്തിയായി മാറിയിരിക്കുകയാണ്.

പൊന്മുടി ടൂറിസം മേഖലയിലേക്കുള്ള സ്ത്രീ സഞ്ചാരികളുടെ ഒഴുക്ക് വർധിച്ചെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. പ്രിയദർശിനി പദ്ധതിക്ക് മുൻപ് പ്രതിദിനം ശരാശരി 1,825.6 വനിതകൾ മാത്രമാണ് പൊന്മുടിയിലേക്ക് യാത്ര ചെയ്തിരുന്നതെങ്കിൽ, ഒരു മാസം പിന്നിട്ടപ്പോൾ അത് 93.8 ശതമാനം വർധിച്ച് പ്രതിദിന യാത്രക്കാരുടെ എണ്ണം 3,539.2 ആയി ഉയർന്നു. യാത്രക്കാരുടെ എണ്ണം വർധിക്കുകയും ഓർഡിനറി ബസുകളിൽ തിരക്കേറുകയും ചെയ്ത സാഹചര്യത്തിൽ പൊന്മുടിയിലേക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കാൻ കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ട്. തമ്പാനൂർ, വർക്കല എന്നിവിടങ്ങളിൽ നിന്നും പൊന്മുടിയിലേക്ക് ഫാസ്റ്റ് ബസ് ഉൾപ്പെടെ സർവീസ് നടത്താനാണ് ആലോചന. ഇതുകൂടാതെ വിതുര ഡിപ്പോയിൽ നിന്ന് നിലവിലുള്ള 10 സർവീസുകൾക്ക് പുറമേ അവധി ദിവസങ്ങളിൽ കൂടുതൽ ഷട്ടിൽ സർവീസുകളും പുതുതായി ആറ് സർവീസുകളും ക്രമീകരിച്ചിട്ടുണ്ട്.

മലക്കപ്പാറയും നെല്ലിയാമ്പതിയും വനിതാ സംഘങ്ങൾ കീഴടക്കിയിരിക്കുകയാണ്. ചാലക്കുടി ഡിപ്പോയിൽ നിന്നുള്ള മലക്കപ്പാറ സർവീസിലും പാലക്കാട് ഡിപ്പോയിൽ നിന്നുള്ള നെല്ലിയാമ്പതി സർവീസിലും വനിതാ യാത്രക്കാരുടെ എണ്ണത്തിൽ വലിയ വർധനവാണുണ്ടായത്. മലക്കപ്പാറ റൂട്ടിൽ പദ്ധതിക്ക് മുൻപ് പ്രതിദിനം ശരാശരി 545.8 വനിതകൾ യാത്ര ചെയ്തിരുന്ന സ്ഥാനത്ത് 121 ശതമാനം എന്ന റെക്കോർഡ് വർധനവോടെ അത് പ്രതിദിനം 1,204.4 ആയി മാറി. അതുപോലെ തന്നെ നെല്ലിയാമ്പതി റൂട്ടിലും മുൻപുണ്ടായിരുന്ന 358.9 വനിതാ യാത്രക്കാരിൽ നിന്നും 121 ശതമാനം വളർച്ചയോടെ പ്രതിദിന ശരാശരി 792.6 ആയി ഉയർന്നു. ഈ രണ്ട് ടൂറിസം കേന്ദ്രങ്ങളിലേക്കും സ്ത്രീകളുടെ സാന്നിധ്യം ചുരുങ്ങിയ നാളുകൾ കൊണ്ട് ഇരട്ടിയിലധികമായി വർധിച്ചു എന്നത് ശ്രദ്ധേയമാണ്.

പത്തനംതിട്ട, കുമളി ഡിപ്പോകളിൽ നിന്നുള്ള പ്രശസ്തമായ ഗവി ടൂറിസ്റ്റ് മേഖലയിലേക്കുള്ള സർവീസുകളിലും വനിതകളുടെ വലിയ പങ്കാളിത്തം കാണാം. പത്തനംതിട്ട ഡിപ്പോയിൽ നിന്നുള്ള ഗവി സർവീസിൽ വനിതാ യാത്രക്കാരുടെ എണ്ണം 129 ശതമാനം എന്ന ഏറ്റവും ഉയർന്ന വളർച്ചയോടെ 105-ൽ നിന്നും 240.7 ആയി വർധിച്ചു. കുമളി ഡിപ്പോയിൽ നിന്നുള്ള ഗവി സർവീസിൽ 97 ശതമാനം വളർച്ചയോടെ വനിതാ യാത്രക്കാരുടെ പ്രതിദിന ശരാശരി 62.6-ൽ നിന്നും 123.1 ആയി ഉയർന്നു. നിലമ്പൂർ ഡിപ്പോയിൽ നിന്നുള്ള കക്കാടംപൊയിൽ സർവീസിലും സ്ത്രീകളുടെ എണ്ണത്തിൽ 58 ശതമാനത്തിന്റെ വർധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇവിടെ പ്രതിദിന വനിതാ യാത്രക്കാരുടെ എണ്ണം 208.1 ൽ നിന്നും 328 ആയി ഉയർന്നു.

പദ്ധതി ആരംഭിച്ച് വെറും ഒരു മാസം പിന്നിട്ടപ്പോഴേക്കും കേരളത്തിലെ പൊതുഗതാഗത ചരിത്രത്തിലെ ഏറ്റവും വലിയ തരംഗമായി ഇത് മാറി കഴിഞ്ഞു. കെ.എസ്.ആർ.ടി.സിയിലെ പ്രതിദിന വനിതാ യാത്രക്കാരുടെ എണ്ണം 7.25 ലക്ഷത്തിൽ നിന്ന് 11.84 ലക്ഷമായി ഉയർന്നു. ചില പ്രത്യേക ദിവസങ്ങളിൽ ഇത് 14.80 ലക്ഷം വരെ എത്തിയിട്ടുണ്ട്. അതായത്, വനിതാ യാത്രക്കാരുടെ എണ്ണത്തിൽ 40 ശതമാനത്തോളം വർധനവാണ് ഒന്നാം മാസം രേഖപ്പെടുത്തിയത്. ഈ കാലയളവിൽ 1.6 കോടിയിലധികം വനിതകളാണ് ഈ പദ്ധതിയുടെ നേരിട്ടുള്ള ഗുണഭോക്താക്കളായി മാറിയത്. പ്രതിദിനം ശരാശരി 11 മുതൽ 12 ലക്ഷം വരെ സ്ത്രീ യാത്രക്കാരാണ് ഇപ്പോൾ കേരളത്തിൽ ഓർഡിനറി ബസ്സുകളെ ആശ്രയിക്കുന്നത്. ദേശീയ തലത്തിൽ കേരള ടൂറിസത്തിന് വലിയൊരു മൈലേജ് നൽകുന്ന ഒന്നായി ഈ പദ്ധതി മാറിയിരിക്കുകയാണ്.

കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, സാധാരണക്കാരായ വീട്ടമ്മമാർ എന്നിവർക്കെല്ലാം സാമ്പത്തിക ബുദ്ധിമുട്ടുകളില്ലാതെ സുരക്ഷിതമായി യാത്ര ചെയ്യാനും മാനസിക ഉല്ലാസം കണ്ടെത്താനും പ്രിയദർശിനി പദ്ധതിയിലൂടെ സാധിക്കുന്നുണ്ട്. ഇതു തന്നെയായിരുന്നു സർക്കാരിന്റെയും ലക്ഷ്യം. യാത്ര സൗജന്യമായതോടെ സ്ത്രീകൾക്ക് പ്രതിമാസം 2,000 മുതൽ 3,000 രൂപ വരെ യാത്രാക്കൂലി ഇനത്തിൽ ലാഭിക്കാൻ സാധിക്കുന്നുണ്ട്. ഇത് സംസ്ഥാനത്ത് വിവിധ സ്വകാര്യസ്ഥാപനങ്ങളിൽ ഉൾപ്പെടെ ചെറിയ വരുമാനത്തിൽ ജോലിചെയ്യുന്ന സ്ത്രീകളുടെ കുടുംബ ബജറ്റിൽ വലിയ ആശ്വാസമാകുന്ന നടപടിയാണ്. കൂടാതെ ടൂറിസം കേന്ദ്രങ്ങളിലേക്ക് എത്തിച്ചേരുന്ന സ്ത്രീകൾ ടൂറിസം കേന്ദ്രങ്ങളിലെ ഭക്ഷണം, പ്രാദേശിക കരകൗശല വസ്തുക്കൾ, ഷോപ്പിംഗ് എന്നിവയ്ക്കായി ചെലവഴിക്കുന്ന തുക വഴി പ്രാദേശിക വിപണിക്കും വലിയ ഉത്തേജനമാണ് ലഭിക്കുന്നത്.

കെ.എസ്.എഫ്.ഇ. വഴി 'പിങ്ക് ചിട്ടി' ആരംഭിക്കുമെന്ന പ്രഖ്യാപനങ്ങൾക്ക് പിന്നാലെ, സാധാരണക്കാരായ സ്ത്രീകളുടെ യാത്രാ സ്വാതന്ത്ര്യത്തിനും വിനോദത്തിനുമായി വഴിതുറന്ന വലിയൊരു സാമൂഹിക മാറ്റമായി ഈ പദ്ധതി മാറിയെന്നാണ് കെ.എസ്.ആർ.ടി.സി യുടെ കണക്കുകൾ വ്യക്തമാക്കുന്നത്.



# നിയമനിർമ്മാണത്തിലും കേരളം ഇന്ത്യയ്ക്ക് വഴികാട്ടി

**പിണറായി വിജയൻ**
പ്രതിപക്ഷ നേതാവ്

ഇന്ത്യൻ പാർലമെന്റിനും മറ്റു നിയമസഭകൾക്കും മാതൃകയായി തീർന്ന നിയമനിർമ്മാണ സഭയാണ് കേരള നിയമസഭ. ഉപസമിതികളുടെ രൂപീകരണമടക്കമുള്ള കാര്യങ്ങളിൽ നമ്മുടെ സഭയുടെ നടപടിക്രമങ്ങൾ പഠിച്ച് പല നിയമസഭകളും പ്രാവർത്തികമാക്കിയിട്ടുമുണ്ട്.

പൊതു സമൂഹത്തിൽ നടന്ന ജനകീയ സമരങ്ങളും ആ സമരങ്ങളുടെ അടിസ്ഥാനത്തിൽ നടന്ന നിയമനിർമ്മാണങ്ങളും ചേർന്ന ചരിത്രമാണ് കേരളത്തിനുള്ളത്. സമരങ്ങളാണ് പല നിയമനിർമ്മാണങ്ങൾക്കും വഴി തെളിച്ചതെന്നും പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല.

നമ്മുടെ നിവർത്തന പ്രക്ഷോഭം, ഈഴവ മെമ്മോറിയൽ, മലയാളി മെമ്മോറിയൽ, കല്ലുമാല സമരം, ഐക്യകേരള പ്രക്ഷോഭം, വിവിധങ്ങളായ കർഷക പ്രക്ഷോഭങ്ങൾ എന്നിവയൊക്കെ കേരള ചരിത്രത്തിൽ നാഴികക്കല്ലായിരുന്നിട്ടുണ്ട്. അവയ്ക്കൊക്കെ സഭകളിൽ പ്രതിധ്വനിയുണ്ടായിട്ടുണ്ട്. അതൊക്കെ പല തരത്തിലുള്ള നിയമനിർമ്മാണങ്ങൾക്ക് വഴിവച്ചിട്ടുമുണ്ട്. നിരന്തര പോരാട്ടങ്ങളും നിയമനിർമ്മാണങ്ങളും ചേർന്നാണ് ഇന്ന് കാണുന്ന കേരളത്തെ രൂപപ്പെടുത്തിയിരിക്കുന്നതെന്ന് ചുരുക്കം.

നമ്മുടെ നിയമസഭാ ചരിത്രത്തിന് 138 വർഷത്തെ പാരമ്പര്യമുണ്ട്. 1888ൽ നിയമനിർമ്മാണ കാര്യത്തിൽ ഒരു ഉപദേശകസമിതിയുണ്ടാവണമെന്ന നിർദ്ദേശം ദിവാൻ ടി. രാമറാവു മുന്നോട്ടു വയ്ക്കുന്നു. ശ്രീമൂലം തിരുനാൾ മഹാരാജാവ് അതംഗീകരിച്ച് ശ്രീമൂലം പ്രജാസഭ രൂപീകരിക്കുന്നു. അവിടെയാണ് തുടക്കം. കേവലം ഉപദേശിക്കാൻ മാത്രം അധികാരമുള്ള കൗൺസിൽ എന്ന തലത്തിൽ നിന്ന് നിയമം നിർമ്മിക്കാൻ അധികാരമുള്ള പരമാധികാര ജനപ്രതിനിധിസഭ എന്നിടത്തേക്കുള്ള മാറ്റം ചരിത്രപരമായ പ്രാധാന്യമുള്ളതാണ്.

പതിനൊന്നാം കേരള നിയമസഭയുടെ കാലത്താണ് എം.എൽ.എ. മാർക്കുള്ള ശിൽപ്പശാല എന്ന ആശയം രൂപപ്പെ

ട്ടതും പ്രാവർത്തികമായതും. നിയമസഭാ സെക്രട്ടേറിയറ്റിൽ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആന്റ് ട്രെയിനിംഗ് വിഭാഗം വന്നതോടെ വിപുലമായ രീതിയിലായി ഇതിന്റെ നടത്തിപ്പ്. ഇതാകട്ടെ, സഭാകാര്യങ്ങളിൽ അംഗങ്ങളെ എല്ലാ വിധത്തിലും സജ്ജമാക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്. പഠനം, ഗവേഷണം, ഗൃഹപാഠം എന്നിവയുടെ ആവശ്യകത, സഭയിലെ കൂടുതൽ സമയത്തെ സാന്നിധ്യം, ഗൗരവകരമായ വിഷയങ്ങളുടെ അവതരണം, മാധ്യമ ശ്രദ്ധ നേടാനുള്ള ശ്രമം ഒഴിവാക്കൽ, കൃത്യമായ ഉത്തരവാദിത്വത്തോടെ മാത്രം കാര്യങ്ങൾ പറയുന്നതിലുള്ള നിഷ്കർഷത, സഭയുടെ പരിച്ഛേദം എന്ന നിലയ്ക്ക് സബ്ജക്ട്, സെലക്ട് കമ്മിറ്റികളെ കാണാനുള്ള മനസ്സ്, അവയിൽ പങ്കെടുക്കുന്നതിൽ വീഴ്ച വരുത്താതിരിക്കൽ, സഭാ നടപടിക്രമങ്ങളിലെ അവഗാഹം, ഇടപെടലിലെ ഔചിത്യബോധം, ചട്ടത്തിന്റെയും നടപടിക്രമങ്ങളുടെയും ചട്ടക്കൂടിൽ നിന്നു മാത്രം പ്രവർത്തിക്കാനുള്ള പക്വത, സഭയിൽ പാലിക്കേണ്ട ഡിസിപ്ലിനും ഡെക്കോറവും തുടങ്ങിയവയൊക്കെ സംബന്ധിച്ച കൃത്യമായ ധാരണയുണ്ടാവണം. കൗൾ ആൻഡ് ശക്ധറിന്റെ പ്രാക്ടീസ് ആൻഡ് പ്രൊസീജിയർ ഓഫ് പാർലമെന്റ്, ഡിസിപ്ലിൻ ആൻഡ് ഡക്കോറം ഇൻ പാർലമെന്റ് ആൻഡ് സ്റ്റേറ്റ് ലെജിസ്ലേച്ചേഴ്സ് എന്നിവ പരിചയിക്കുന്നത് പ്രധാനമാണ്. അറിവിന്റെ മഹാ ശേഖരമായ ഒരു ലൈബ്രറി സഭയ്ക്കുണ്ട്. അത് പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

ജനാധിപത്യവ്യവസ്ഥയിൽ സഭയ്ക്കുള്ള ഉത്തരവാദിത്വം നിയമനിർമ്മാണവും നിയമപരിഷ്കരണവും മാത്രമല്ല, അവ സമൂഹത്തിന്റെ പുരോഗമനപരമായ മാറ്റത്തിനുള്ള ഉപകരണമാവുന്നുവെന്ന് ഉറപ്പാക്കുക കൂടിയാണ്.

പ്രാതിനിധ്യ സ്വഭാവമുള്ള ജനാധിപത്യമാണ് നമ്മുടെ രാജ്യത്ത് ഭരണഘടനാനുസൃതമായി നിലനിൽക്കുന്നത്. ജനങ്ങളോട് വിധേയത്വമുള്ളതും നിശ്ചിത കാലയളവിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതുമായ നിയമനിർമ്മാണ സഭകളും സഭകൾക്കു വിധേയമായ എക്സിക്യൂട്ടീവുമാണ് ഈ സമ്പ്രദായത്തിന്റെ അടിസ്ഥാനം.

പലപ്പോഴും ജനാഭിലാഷം പൂർണ്ണമായി പ്രതിഫലിപ്പിക്കാൻ കഴിയാത്തതും മഹാഭൂരിപക്ഷം വോട്ടർമാർ വിട്ടുനിന്നാലും ഏറ്റവും കൂടുതൽ വോട്ടുകൾ നേടിയ സ്ഥാനാർഥിക്ക് വിജയിക്കാൻ കഴിയുന്നതുമായ ഇന്നത്തെ തിരഞ്ഞെടുപ്പ് സമ്പ്രദായത്തെ ഏറ്റവും മെച്ചപ്പെട്ടതാണെന്ന് വിശേഷിപ്പിക്കാൻ കഴിയില്ല. എന്നിരുന്നാലും കഴിഞ്ഞ 75 ലേറെ വർഷങ്ങളായി നമ്മുടെ രാജ്യത്ത് ജനാധിപത്യത്തിന്റെ അടിസ്ഥാന തത്വങ്ങൾ പാലിച്ചുകൊണ്ട് തൃപ്തികരമായി നിലനിൽക്കുന്നു എന്നത് നിസംശയം പറയാവുന്ന വസ്തുതയാണ്.

ഭരണഘടനയുടെ ആമുഖത്തിൽ പറയുന്ന 'നാം ഇന്ത്യയിലെ ജനങ്ങൾ' ആണ് ഭരണഘടനയുടെ സൃഷ്ടാക്കൾ. രാജ്യത്തിന്റെ പരമാധികാരം ജനങ്ങളിലാണ് നിക്ഷിപ്തമെന്ന ജനാധിപത്യ സങ്കൽപ്പമാണ് നമ്മുടെ ഭരണഘടനയുടെ ആധാരശില. നിയമനിർമ്മാണത്തിൽ ജനപ്രതിനിധികളുടെ ഫലപ്രദമായ പങ്കാളിത്തം ഉറപ്പാക്കേണ്ടത് ജനാധിപത്യ സമ്പ്രദായത്തിൽ അത്യന്താപേക്ഷിതമാണ്. എന്നാൽ, നിർഭാഗ്യവശാൽ, നമ്മുടെ രാജ്യത്ത് ഇക്കാര്യം ഉറപ്പുവരുത്താൻ സഭയ്ക്ക് കഴിയുന്നില്ല. ഓരോ വർഷവും പാർലമെന്റും സംസ്ഥാന നിയമസഭകളും സമ്മേളിക്കുന്ന ദിവസങ്ങളുടെ എണ്ണം നോക്കിയാൽ തന്നെ ഇക്കാര്യം വ്യക്തമാവും.



1952 മുതൽ 1972 വരെയുള്ള വർഷങ്ങളിൽ 128 മുതൽ 132 വരെ ദിവസങ്ങളിൽ സഭകൾ സമ്മേളിച്ചിരുന്നു. എന്നാൽ, കുറെക്കാലമായി ഇന്ത്യയിൽ സഭകളുടെ സമ്മേളന ദിവസങ്ങൾ ശരാശരി 64നും 67നും ഇടയ്ക്കാണ്. നിയമനിർമ്മാണത്തിന്റെ കാര്യം എടുത്താലോ? പാർലമെന്റ് പാസ്സാക്കുന്ന 31 ശതമാനം നിയമങ്ങളും ഒരു കമ്മിറ്റിയുടെയും പരിഗണനാ വിധേയമായിട്ടല്ല കടന്നുവരുന്നതെന്ന് കാണാം. മാത്രമല്ല, കഴിഞ്ഞ പത്തുവർഷം പാസ്സാക്കിയ നിയമങ്ങളിൽ 43 ശതമാനവും ഒരു ചർച്ച പോലും കൂടാതെ പാസ്സായവയാണ് എന്നും കാണാം. ഇതൊക്കെ പാർലമെന്ററി ജനാധിപത്യത്തിന് ഭൂഷണമല്ലല്ലോ.

വർഷത്തിൽ കുറഞ്ഞത് നൂറു ദിവസമെങ്കിലും സഭ സമ്മേളിക്കുന്നതിന് സ്പീക്കർമാരുടെ ദേശീയ സമ്മേളനം പ്രമേയത്തിലൂടെ ശിപാർശ ചെയ്തിരുന്നു. എന്നാലിത് പലപ്പോഴും പ്രാവർത്തികമാവാതെ വരുന്നു. സമ്മേളന ദിനങ്ങൾ കൂട്ടുന്നതിന് ബഹു. സ്പീക്കർ പ്രത്യേക ശ്രദ്ധ വയ്ക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.

ഭരണഘടനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനുവേണ്ടി നിയുക്തമായ ജസ്റ്റിസ് പൂഞ്ചി കമ്മീഷൻ, പാർലമെന്റ് പാസ്സാക്കുന്ന നിയമങ്ങൾ അശ്രദ്ധമായ ഡ്രാഫ്റ്റിങ്ങും സൂക്ഷ്മ പരിശോധനയുടെ അഭാവവും നിമിത്തം എപ്രകാരമാണ് ശോച്യാവസ്ഥയിലാവുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം ധനവിനിയോഗത്തിനുള്ളതൊഴികെയുള്ള ഏതൊരു ബില്ലും സഭയിൽ അവതരിപ്പിച്ചാൽ സെലക്ട് കമ്മിറ്റിയുടെയോ സബ്ജക്ട് കമ്മിറ്റിയുടെയോ പരിശോധനയ്ക്ക് വിടേണ്ടതുണ്ട്. എന്നാൽ, പാർലമെന്റിൽ ഇത്തരമൊരു ചട്ടം നിലവിലില്ല. അതുകൊണ്ട് ബിൽ അവതരിപ്പിച്ചാലുടൻ തന്നെ അത് പാസ്സാക്കാൻ




കഴിയും. പതിനഞ്ചാം ലോക്സഭയുടെ ഘട്ടത്തിൽ 71 ശതമാനം ബില്ലുകൾ ഒരു പരിശോധനയ്ക്കും വിധേയമായില്ല. വളരെ പ്രാധാന്യമുള്ള പല ബില്ലുകളും ഇതിൽപ്പെട്ടിരുന്നുവെന്നത് ഉൽക്കണ്ഠപ്പെടുത്തുന്നതാണ്. ഒരു ചർച്ചയും കൂടാതെ ബില്ലുകൾ പാസ്സാക്കുന്ന പ്രവണത എന്തു കാരണം കൊണ്ടായാലും ജനാധിപത്യത്തിന് ചേരുന്നതല്ല. അത് നിരുത്സാഹപ്പെടുത്തുക തന്നെ വേണം ഇക്കാര്യത്തിൽ ഭരണ പ്രതിപക്ഷ ഭേദമില്ലാതെ നിലപാട് സ്വീകരിക്കാൻ കഴിയേണ്ടതാണ്. സഭ കൂടുതൽ ദിവസങ്ങളിൽ സമ്മേളിക്കുന്നുവെന്നുറപ്പാക്കുന്ന കാര്യത്തിലും ഇതുണ്ടാവണം.

കഴിയുന്നത്ര സമയം സഭയിൽ ചെലവഴിക്കണമെന്ന കാര്യത്തിൽ പുതിയ അംഗങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ കെ. എം. മാണി വലിയ ഒരു മാതൃകയായിരുന്നു. പറയാനുള്ളത് പറഞ്ഞിട്ടു പോവുകയായിരുന്നില്ല; കഴിയുന്നത്ര സമയം സഭയിലിരുന്ന് എല്ലാം നിരീക്ഷിക്കുകയായിരുന്നു അദ്ദേഹം. സഭാകാര്യങ്ങളിൽ തനിക്ക് ഇപ്പോഴും ഒരു വിദ്യാർഥിയുടെ മനസ്സാണുള്ളതെന്നാണ് കെ. എം. മാണി അരനൂറ്റാണ്ട് സഭയിൽ പൂർത്തിയാകാറായ ഘട്ടത്തിൽ പോലും പറഞ്ഞിരുന്നത്.

നിയമനിർമ്മാണ രംഗത്ത് രാജ്യത്തിന് മാതൃകയായ നിരവധി നിയമങ്ങൾ കേരളം സംഭാവന ചെയ്തിട്ടുണ്ട്. കാർഷിക ബന്ധ നിയമം, കർഷക തൊഴിലാളി നിയമം, ചുമട്ടുതൊഴിലാളി നിയമം, ആരോഗ്യസംരക്ഷണ നിയമം, പരിസ്ഥിതി നിയമം, ആന്റി റാഗിങ് നിയമം തുടങ്ങി സാമൂഹിക പുരോഗതിക്ക് വഴി തെളിച്ച എത്രയോ മാതൃകകൾ. കാലത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് പുതുമേഖലകളിൽ ദീർഘവീക്ഷണത്തോടെയുള്ള നിയമങ്ങൾ നിർമ്മിച്ച് ഇനിയും മാതൃകയാകാൻ കേരള നിയമസഭയ്ക്ക് കഴിയേണ്ടതുണ്ട്.



# പരീക്ഷകളുടെ സുതാര്യത

**ഷാനിമോൾ ഉസ്മാൻ**
ഡെപ്യൂട്ടി സ്പീക്കർ

സമാന തകളില്ലാത്ത സമര ചരിത്രത്തിനു സാക്ഷ്യം വഹിക്കേണ്ടി വന്ന ഒരു കാലഘട്ടമാണിത്. രാജ്യ തല സ്ഥാനം കണ്ട വിദ്യാർഥി പ്രക്ഷോഭം അവകാശങ്ങൾ നേടിയെടുക്കാനായിരുന്നില്ല, മറിച്ച് പരീക്ഷാ സമ്പ്രദായത്തിലെ കുറ്റ കൃത്യമായ ചോദ്യപേപ്പർ ചോർച്ച ഉയർത്തികാണിച്ചുകൊണ്ടായി രുന്നു. 2026 മേയ് മാസത്തിൽ രാജ്യത്തെ 22 ലക്ഷത്തോളം വിദ്യാർഥികൾ സർക്കാർ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്, ബി.ഡി.എസ് തുടങ്ങിയ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നതിനായി പൊതു പ്രവേശന പരീക്ഷയായ നാഷണൽ എലിജിബിലിറ്റി-കം-എൻട്രൻസ് ടെസ്റ്റ് (NEET) എഴു തുകയുണ്ടായി. ഏറ്റവും സുതാ ര്യമായി നടക്കേണ്ട പരീക്ഷയുടെ ചോദ്യപേപ്പർ ചില കോച്ചിംഗ് സെന്ററുകളുടെ മറവിൽ പൊതു മാർക്കറ്റിൽ ലക്ഷങ്ങളുടെ ഇട പാടിൽ കച്ചവടം ചെയ്യപ്പെട്ടു എന്ന ഞെട്ടിക്കുന്ന വാർത്തയാണ് പുറത്തു വന്നത്. ജീവിത ലക്ഷ്യം നേടുന്നതിനു വേണ്ടി സാഹചര്യ ങ്ങളോട് പടവെട്ടി പരീക്ഷ എഴു തിയ നിരവധി വിദ്യാർഥികൾ ജീവൻ വെടിഞ്ഞത് രാജ്യം കണ്ടു. വിദ്യാർഥികൾ ഉയർത്തിയ ചോദ്യ ങ്ങൾക്ക് മറുപടി പറയേണ്ട ഭരണാധികാരികൾ പുലർത്തിയ നിസ്സംഗത എടുത്തു പറയേണ്ട താണ്. സർക്കാരിനുണ്ടായ 600 കോടിയിലധികം രൂപയുടെ നഷ്ടം സംശയത്തോടെ രാജ്യം ചർച്ച ചെയ്തു. ഒടുവിൽ സാമൂഹിക മാധ്യമ പ്ലാറ്റ്ഫോമിൽ മാത്രം നിലനിന്നിരുന്ന ഒരു സംഘടന രംഗത്ത് വന്നു. തൊഴിലില്ലായ്മ യേയും യുവജനങ്ങൾ നേരി ടുന്ന പ്രതിസന്ധികളെയും കൃത്യ മായി അഡ്രസ്സ് ചെയ്തിരുന്ന യുവജനങ്ങളെ ആക്ഷേപിക്കാൻ ഉപയോഗിച്ച 'കോക്രോച്ച്' (പാറ്റ) ന്റെ പേരിൽ തന്നെ ഒരു അനൗദ്യോഗിക പാർട്ടിയായി കോക്രോച്ച് ജനതാപാർട്ടി രൂപം കൊണ്ടത് തികച്ചും യാദൃശ്ചികം. ജെൻസികളുടെ നേതൃത്വ ത്തിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ രാജിവയ്ക്കണ മെന്നാവശ്യപ്പെട്ട് കൊണ്ടും പരീക്ഷാ സമ്പ്രദായത്തിലെ സുതാര്യത ഉറപ്പു വരുത്തണമെ ന്നാവശ്യപ്പെട്ടുകൊണ്ടും രാവ് പകലാക്കി നടത്തിയ സമര പരമ്പ രകൾക്ക് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയടക്കം നൽകിയ പിന്തുണ നമ്മൾ കണ്ടു. സമരക്കാർക്ക് പിന്തുണ അർപ്പിച്ച് അറിയപ്പെടുന്ന പരിസ്ഥിതി പ്രവർത്തകൻ കൂടിയായ സോനം വാങ്ചുക്ക് നിരാഹാര സമരം നടത്തി. ഈ സമരങ്ങളെ ജനാ ധിപത്യ ഇന്ത്യ നേരിട്ട രീതി ലോകം മുഴുവൻ ചർച്ച ചെയ്തു. പോലീസിനെ ഉപയോഗിച്ച് അമിതാധികാരം പ്രയോഗിച്ച് അടിച്ചമർത്താൻ ശ്രമിച്ചു ചരിത്ര ത്തിൽ ഒരിക്കൽ പോലും ഉണ്ടാ യിട്ടില്ലാത്ത തരത്തിൽ ലോക്സഭാ പ്രതിപക്ഷ നേതാവിനെ പോലും തെരുവിൽ വലിച്ചിഴച്ചു. ജനാധി പത്യ ഇന്ത്യയിൽ പാർലമെന്റിലും നിയമസഭകളിലും ചർച്ചകൾ ഉണ്ടാകണം. ലോക് സഭയിൽ നീറ്റ് പരീക്ഷാ കുംഭകോണം ചർച്ച ചെയ്യില്ലെന്ന സർക്കാരിന്റെ പിടിവാശിയെ രാജ്യത്തെ ജനാ ധിപത്യ വിശ്വാസികൾ എതിർത്തു. ധർമ്മേന്ദ്ര പ്രധാൻ എന്ന വിദ്യാ ഭ്യാസ മന്ത്രിയെ അടിമുടി സംര ക്ഷിച്ച സർക്കാരിന് ഒടുവിൽ അദ്ദേ ഹത്തെ രാജിവയ്പിക്കേണ്ടതായി വന്നു. വിദ്യാർഥികൾക്കെതിരെ ചുമത്തിയ FIRകൾ പിൻവലി ക്കാതെ സമരത്തിൽനിന്നും പിന്മാ റില്ലെന്ന സി.ജെ.പി.യുടെ പ്രഖ്യാ പനം ശ്രദ്ധേയമാണ്. രാജ്യത്തെ എല്ലാ സംഘടനകളിലും ഈ സമരത്തിന്റെ അലയടികൾ തുടരു കയാണ്.

ലോകത്തോടൊപ്പം മത്സരി ക്കേണ്ട ഇന്ത്യൻ വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രതിസന്ധികൾ ഗുരുതരമാണ്. അടിയന്തിര പരി ഹാരമാണ് വേണ്ടത്. സുതാര്യവും ഗുണമേന്മയുമുള്ള വിദ്യാഭ്യാസം നേടാനുള്ള ഭരണഘടനാപരമായ അവകാശം നേടിയെടുക്കാനായി സമരം ചെയ്യുന്ന വിദ്യാർഥികൾക്ക് ബിഗ് സല്യൂട്ട്.



# ലോക പരിസ്ഥിതി ദിനാചരണം




ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി കോട്ടയം ജില്ലാ തല ഉദ്ഘാടനം ഇല്ലിക്കൽ ചിന്മയാ വിദ്യാലയത്തിൽ നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിച്ചു. പരിസ്ഥിതിക്കുവേണ്ടി വാദിക്കുന്നവർ സമൂഹത്തിനു വേണ്ടിയാണ് നിലകൊള്ളുന്നതെന്നും സമൂഹത്തിന്റെ സുഗമമായ വളർച്ചയ്ക്ക് പരിസ്ഥിതി സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്നും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ പരിസ്ഥിതിക്കുണ്ടാക്കുന്ന ആഘാതം പഠിക്കേണ്ടതുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഫ്രാൻസിസ് ജോർജ്ജ് എം. പി. അധ്യക്ഷനായ ചടങ്ങിൽ തദ്ദേശസ്വയം ഭരണ സ്ഥാപന ജനപ്രതിനിധികൾ, സ്കൂൾ അധികൃതർ, വനംവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# ക്ഷയരോഗമുക്ത പഞ്ചായത്തുകൾക്കുള്ള പുരസ്കാര വിതരണം



'എന്റെ ക്ഷയരോഗമുക്ത കേരളം' പദ്ധതിയുടെ ഭാഗമായി, കോട്ടയം ജില്ലയിൽ 2025ലെ മികച്ച ക്ഷയരോഗമുക്ത പഞ്ചായത്തുകൾക്കുള്ള പുരസ്കാര വിതരണവും തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾക്കായുള്ള ക്ഷയരോഗ ബോധവൽക്കരണ പരിപാടിയുടെ ഉദ്ഘാടനവും നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിച്ചു. സമൂഹത്തിൽ നിന്നും ഇല്ലായ്മ ചെയ്ത രോഗങ്ങൾ തിരികെ വരുന്നത് ചെറുക്കാൻ കൂട്ടായ പരിശ്രമം ആവശ്യമാണെന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി താഴേതലം വരെ ലഭ്യമായ ആരോഗ്യപരിരക്ഷാ സംവിധാനങ്ങളുടെ പ്രയോജനം എല്ലാ ജനങ്ങൾക്കും ഒരുപോലെ ലഭ്യമാക്കേണ്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ആരോഗ്യകരവും സുരക്ഷിതവുമായ സാഹചര്യത്തിലാണ് ഹോട്ടലുകൾ ഉൾപ്പെടെയുള്ളവ പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തണമെന്ന് സ്പീക്കർ നിർദേശിച്ചു. കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ നടന്ന യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ജോഷി ഫിലിപ്പ് അധ്യക്ഷത വഹിച്ചു. ചടങ്ങിൽ ഫ്രാൻസിസ് ജോർജ് എം.പി. മുഖ്യപ്രഭാഷണം നടത്തി. തദ്ദേശസ്വയം ഭരണ സ്ഥാപനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ആരോഗ്യ വകുപ്പിലെയും ഉദ്യോഗസ്ഥർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# ലഹരിവിരുദ്ധ റാലിയും ഫ്ളാഷ് മോബും

**അനൂപ് ജേക്കബ്**
പിറവം




ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി പിറവം നിയോജക മണ്ഡലത്തിൽ ലഹരിവിരുദ്ധ റാലിയും ഫ്ളാഷ് മോബും സംഘടിപ്പിച്ചു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി അനൂപ് ജേക്കബ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. നഗരസഭ വൈസ് ചെയർപേഴ്സൺ അന്നമ്മ ഡോമി റാലി ഫ്ളാഗ് ഓഫ് ചെയ്തു. എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് ഭാരവാഹികൾ, സിനിമാതാരം സരയൂ മോഹൻ, സ്കൂൾ - കോളേജ് സന്നദ്ധ സംഘടനകൾ, വിദ്യാർഥികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം - ജില്ലാതല ഉദ്ഘാടനം

**പി. കെ. കുഞ്ഞാലിക്കുട്ടി**
മലപ്പുറം



സംസ്ഥാന സർക്കാരിന്റെയും എക്സൈസ് വകുപ്പിന്റെയും വിമുക്തി മിഷന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം വ്യവസായ വകുപ്പുമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി നിർവഹിച്ചു. 'ഗ്രാമം മധുരതരം ലഹരി വിമുക്തം', 'ജീവിതം തന്നെ ലഹരി' എന്നീ സന്ദേശങ്ങൾ മുൻനിർത്തി ജൂൺ 27ന് മുണ്ടുപറമ്പ് മലപ്പുറം ഗവ. കോളേജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ, ജീവിതത്തിന്റെ വെളിച്ചം ഒരിക്കലും കെടുത്താതിരിക്കാൻ ലഹരി മുക്ത സമൂഹ സൃഷ്ടിക്കായി ഏവരും കൈകോർക്കണമെന്ന് മന്ത്രി ആഹ്വാനം ചെയ്യുകയും സൗജന്യ കൗൺസിലിംഗിനും നിലമ്പൂരിലെ വിമുക്തി ഡി-അഡിക്ഷൻ സെന്ററിന്റെ സേവനങ്ങൾക്കും ജനങ്ങൾ മുൻകൈയെടുക്കണമെന്ന് നിർദേശിക്കുകയും ചെയ്തു.

# മൗറീഷ്യസ് വിദേശകാര്യ മന്ത്രിയും പ്രതിനിധികളും കേരള നിയമസഭ സന്ദർശിച്ചു.



മൗറീഷ്യസ് വിദേശകാര്യ മന്ത്രി ഹംബീരാജൻ നർസിംഗൻ, സെർബിയൻ അംബാസഡർ സിനിസ പാവിക്, ഗയാന ഹൈകമ്മീഷണർ ധരംകുമാർ സീരാജ് എന്നിവർ കേരള നിയമസഭ സന്ദർശിച്ചു. സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണനുമായി കൂടിക്കാഴ്ച നടത്തിയ സംഘം നിയമസഭാ ഹാൾ സന്ദർശിക്കുകയും കേരള നിയമസഭയുടെ പ്രവർത്തനങ്ങളെയും നിയമസഭാ മന്ദിരത്തിന്റെ സവിശേഷമായ വാസ്തുശില്പ ഭംഗിയെയും പ്രശംസിക്കുകയും ചെയ്തു.

# ഓസ്ട്രേലിയൻ വിക്ടോറിയ പാർലമെന്റ് ഉദ്യോഗസ്ഥർ കേരള നിയമസഭ സന്ദർശിച്ചു



ഓസ്ട്രേലിയയിലെ വിക്ടോറിയ പാർലമെന്റ് ചീഫ് വിപ്പ് ലീ ടാർലാമിസിന്റെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം 2026 ജൂൺ 29ന് കേരള നിയമസഭ സന്ദർശിച്ചു. കേരള നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ എന്നിവരുമായി സംഘം കൂടിക്കാഴ്ച നടത്തി. സംഘാംഗങ്ങൾക്ക് നിയമസഭയുടെ ഉപഹാരം സ്പീക്കർ സമ്മാനിച്ചു.

# പതിനാറാം കേരള നിയമസഭ : ഒന്നാം സമ്മേളനം




പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം 2026 മേയ് 21ന് ആരംഭിക്കുകയും ജൂലൈ 1ന് അവസാനിക്കുകയും ചെയ്തു. ആകെ 13 ദിവസം സമ്മേളിച്ച സഭ ഭരണഘടനാപരമായ പല കർത്തവ്യങ്ങളും നിറവേറ്റി. പതിനാറാം കേരള നിയമസഭയിലേക്ക് 71 പുതിയ അംഗങ്ങൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. സ്പീക്കറുടെ തിരഞ്ഞെടുപ്പ് 2026 മേയ് 22നും ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം 2026 മേയ് 29നും ഡെപ്യൂട്ടി സ്പീക്കറുടെ തിരഞ്ഞെടുപ്പ് ജൂൺ 2നും 2026-27 വർഷത്തെ പുതുക്കിയ ബജറ്റ് അവതരണം ജൂൺ 19നുമായി നടന്നു. പതിനാറാം കേരള നിയമസഭയിലെ പ്രതിപക്ഷ നേതാവായി പിണറായി വിജയനെ 2026 ജൂൺ 22ന് സ്പീക്കർ പ്രഖ്യാപിച്ചു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച ധവളപത്രം മുഖ്യമന്ത്രി 2026 ജൂൺ 4 ന് സഭയുടെ മേശപ്പുറത്ത് വച്ചു. കെ. പി. ഉണ്ണികൃഷ്ണൻ, ടി. യു. കുരുവിള, കെ. പി. ധനപാലൻ, സലിംകുമാർ എന്നിവരുടെ നിര്യാണം സംബന്ധിച്ചുള്ള റഫറൻസും ന്യൂഡൽഹിയിലെ ഹോട്ടലിൽ ഉണ്ടായ അഗ്നിബാധയിൽ മരണമടഞ്ഞവരെ സംബന്ധിച്ച റഫറൻസും ഈ സമ്മേളനത്തിൽ നടത്തി.

### രാഷ്ട്രപതിയുടെ റഫറൻസ്

ഭരണഘടനയുടെ ഒന്നാം പട്ടികയിൽ സംസ്ഥാനത്തിന്റെ പേര് 'കേരള' എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് 'കേരളം' എന്ന് ഭേദഗതി ചെയ്യുന്നതിനുള്ള നടപടികളുടെ ഭാഗമായി രാഷ്ട്രപതിയുടെ ശിപാർശയ്ക്കായി സമർപ്പിച്ചിരുന്ന The Kerala (Alteration of Name) Bill, 2026 ന്റെ കരട് ബില്ലിലെ വ്യവസ്ഥകളിന്മേലുള്ള അഭിപ്രായം ആരായുന്നതിനായി രാഷ്ട്രപതി കേരള നിയമസഭയ്ക്ക് റഫർ ചെയ്തിരുന്നു. 2026 ജൂലൈ 1ന് ഈ ബിൽ സഭ പരിഗണിക്കുകയും സഭയുടെ ഏകകണ്ഠമായ യോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തു. കേരള നിയമസഭയുടെ നാളിതുവരെയുള്ള ചരിത്രത്തിൽ ഇത്തരമൊരു റഫറൻസ് ആദ്യമായാണ്.

### ധനപരമായ കാര്യങ്ങൾ

2026-27 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റ് മുഖ്യമന്ത്രി വി. ഡി. സതീശൻ 2026 ജൂൺ 19ന് സഭയിൽ അവതരിപ്പിച്ചു. ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ 2026 ജൂൺ 29, 30 തീയതികളിൽ ചർച്ച നടത്തുകയും പാസാക്കുകയുമുണ്ടായി.

### നിയമനിർമ്മാണ കാര്യം

#### 2026 ലെ കേരള ധനകാര്യ (മൂന്നാം നമ്പർ) ബിൽ

2026 ജൂലൈ 1ാം തീയതി ബിൽ സഭയിൽ അവതരിപ്പിക്കുകയും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76(1) താൽകാലികമായി സസ്പെൻഡ് ചെയ്തുകൊണ്ട് ബിൽ സബ്ജക്ട് കമ്മിറ്റിയുടെയോ സെലക്ട് കമ്മിറ്റിയുടെയോ പരിഗണനയ്ക്ക് അയയ്ക്കാതെ അന്നുതന്നെ പാസാക്കുകയും ചെയ്തു.

#### 2026 ലെ കേരള ധനവിനിയോഗ (മൂന്നാം നമ്പർ) ബിൽ

2026ലെ കേരള ധനവിനിയോഗ (മൂന്നാം നമ്പർ) ബിൽ 2026 ജൂലൈ 1ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നുതന്നെ പാസാക്കുകയും ചെയ്തു.

### ഗവൺമെന്റ് പ്രമേയങ്ങൾ

2026 ജൂൺ 30ന് ചട്ടം 118 പ്രകാരം നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് ദേശീയ പരീക്ഷാ സംവിധാനം സമഗ്രമായി പരിഷ്കരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി അവതരിപ്പിക്കുകയും സഭ പാസാക്കുകയും ചെയ്തു. കൂടാതെ 2026 ജൂലൈ 1ന് ചട്ടം 118 പ്രകാരം Foreign contribution (Regulation) Act-ലെയും ചട്ടങ്ങളിലെയും ഭേദഗതികൾ റദ്ദാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം മുഖ്യമന്ത്രി അവതരിപ്പിക്കുകയും സഭ പാസാക്കുകയും ചെയ്തു.

## റിപ്പോർട്ട് സമർപ്പണം

സംസ്ഥാനത്ത് സർഫാസി ആക്ട് പ്രകാരമുള്ള നടപടികൾ മൂലമുളവായിട്ടുള്ള അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിച്ച പതിനാലാം കേരള നിയമസഭയിലെ അഡ്ഹോക്ക് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2026 ജൂലൈ 1 ന് സഭയിൽ സമർപ്പിച്ചു.

## മറ്റ് സഭാനടപടികൾ

ഒന്നാം സമ്മേളനത്തിൽ 2026 ജൂൺ 22 മുതൽ ജൂലൈ 1 വരെയുള്ള 6 ചോദ്യ ദിവസങ്ങളിലായി നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായ ആകെ 1905 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭിച്ചത്. സമ്മേളന കാലയളവിൽ ചട്ടം 50 പ്രകാരമുള്ള 9 നോട്ടീസുകൾ ലഭിച്ചതിൽ 8 നോട്ടീസുകൾക്ക് ബന്ധപ്പെട്ട മന്ത്രിമാരുടെ മറുപടിയ്ക്കുശേഷം സഭനിർത്തിവച്ച് ചർച്ച ചെയ്യേണ്ട അടിയന്തര പൊതു പ്രാധാന്യമില്ലാത്തതിനാൽ അനുമതി നിഷേധിക്കുകയുമുണ്ടായി. വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി 2026 ജൂലൈ 1ന് ചട്ടം 300 പ്രകാരം വൈദ്യുതി ലഭ്യതയും അതിന്റെ ആവശ്യകതയും സംബന്ധിച്ച് സഭയിൽ പ്രസ്താവന നടത്തുകയുണ്ടായി. 18 ശ്രദ്ധക്ഷണിക്കൽ നോട്ടീസുകൾ സഭയിൽ അവതരിപ്പിക്കുകയും മന്ത്രിമാർ പ്രസ്താവന നടത്തുകയും ചെയ്തു. 83 സബ്മിഷനുകൾ ഉന്നയിക്കപ്പെടുകയും മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു. കൂടാതെ ഡെപ്യൂട്ടി സ്പീക്കറുടെ ആവശ്യപ്രകാരം ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ എന്നിവ അവതരിപ്പിക്കുന്നതിന് ഡെപ്യൂട്ടി സ്പീക്കർക്ക് ചെയർ അനുമതി നൽകുകയുമുണ്ടായി.

# നിയമസഭാ പ്രവർത്തനങ്ങളിൽ രാജ്യത്തിന് മാതൃകയായി കേരള നിയമസഭ

രാജ്യത്തെ നിയമസഭാ പ്രവർത്തനങ്ങളിൽ കേരളം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മികച്ച മാതൃകയാണെന്ന് റിപ്പോർട്ട്. പി.ആർ.എസ് ലെജിസ്ലേറ്റീവ് റിസർച്ചിന്റെ 2025ലെ വാർഷിക സംസ്ഥാന നിയമ അവലോകന റിപ്പോർട്ടിലാണ് കണ്ടെത്തൽ. 27 സംസ്ഥാന നിയമസഭകളെയും 3 കേന്ദ്രഭരണ പ്രദേശങ്ങളെയും അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ് പി.ആർ.എസ് റിപ്പോർട്ട്. നിയമസഭാ സിറ്റിംഗുകളുടെ കാര്യത്തിൽ ദേശീയ ശരാശരി ഇരുപത്തിനാല് ദിവസം മാത്രമായിരിക്കെ, കേരള നിയമസഭ മുപ്പത്തിയെട്ട് ദിവസം സമ്മേളിക്കുന്നതായും 2021 മുതൽ 2025 വരെയുള്ള കണക്കുകൾ പരിശോധിച്ചപ്പോൾ നാൽപത്തിയൊന്ന് ദിവസത്തെ ശരാശരിയുമായി കേരളമാണ് ഏറ്റവും മുന്നിൽ എന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. മറ്റ് സംസ്ഥാനങ്ങൾ ബില്ലുകൾ അവതരിപ്പിച്ച ദിവസം തന്നെ പാസാക്കുമ്പോൾ, കേരളം ബില്ലുകൾ ചർച്ചകൾക്കും കമ്മിറ്റി പരിശോധനകൾക്കും വിധേയമാക്കുന്നു. ഭരണഘടനാപരമായ കടമകൾ നിർവ്വഹിക്കുന്നതിനായി മാത്രം പല സംസ്ഥാനങ്ങളും നിയമസഭാ സമ്മേളനങ്ങൾ ചേരുമ്പോൾ കേരള നിയമസഭ നിയമനിർമ്മാണങ്ങൾക്കും ജനകീയ പ്രാധാന്യമുള്ള വിഷയങ്ങളിൽ വിപുലമായ ചർച്ചകൾ നടത്തുന്നതിനും സമയം മാറ്റിവയ്ക്കുന്നതായും റിപ്പോർട്ടിൽ പരാമർശിക്കുന്നു.






# സാമാജികർക്കായി ഓറിയന്റേഷൻ പ്രോഗ്രാം

കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്ററിന്റെ ആഭിമുഖ്യത്തിൽ പതിനാറാം കേരള നിയമസഭയിലെ സാമാജികർക്കായി ഓറിയന്റേഷൻ പ്രോഗ്രാം 2026 ജൂൺ 17, 18 എന്നീ തീയതികളിൽ നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിച്ചു. ജൂൺ 17ന് മുഖ്യമന്ത്രി വി. ഡി. സതീശൻ ഉദ്ഘാടനം ചെയ്ത പരിശീലന പരിപാടിയിൽ നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ അധ്യക്ഷത വഹിക്കുകയും ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ സ്വാഗതം ആശംസിക്കുകയും പ്രതിപക്ഷ നേതാവ് പിണറായി വിജയൻ മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. നിയമസഭാ പ്രവർത്തനങ്ങളിൽ സാമാജികരുടെ ഉത്തരവാദിത്തങ്ങൾ, ചർച്ചകളിലെ പങ്കാളിത്തം, ചുമതലകൾ തുടങ്ങി സാമാജികർ ശ്രദ്ധിക്കേണ്ട വിവിധ വിഷയങ്ങളെക്കുറിച്ച് ഉദ്ഘാടന പ്രസംഗത്തിൽ മുഖ്യമന്ത്രി പരാമർശിച്ചു. വിവിധ കക്ഷികളിൽ നിന്നുള്ള എം.എൽ.എ. മാരുടെ സഹകരണവും സഹവർത്തിത്വവും നിയമസഭയുടെ സുഗമമായ പ്രവർത്തനത്തിന് ഏറെ അനിവാര്യമാണെന്ന് അഭിപ്രായപ്പെടുകയും സഭാനടപടികളിൽ സാമാജികർ ആത്മാർത്ഥമായും അർപ്പണബോധത്തോടെയും പങ്കെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സ്പീക്കർ അധ്യക്ഷ പ്രസംഗത്തിൽ വിശദീകരിക്കുകയുണ്ടായി. വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി, കെ. രാജൻ എം.എൽ.എ. എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ് ഷാജി സി. ബേബി ഉദ്ഘാടന സമ്മേളനത്തിന് കൃതജ്ഞത രേഖപ്പെടുത്തി.

ഉദ്ഘാടന ചടങ്ങിന് ശേഷം നടന്ന ആദ്യ സെഷനിൽ ആഭ്യന്തര-വിജിലൻസ് കയർ വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല അധ്യക്ഷനായിരുന്നു 'നിയമസഭാ നടപടിക്രമങ്ങൾ - പൊതുവായ കാര്യങ്ങൾ' എന്ന വിഷയത്തിൽ മുൻ സ്പീക്കർ എം. ബി. രാജേഷ് സംസാരിച്ചു.

'ചോദ്യോത്തര വേളയും നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപവും' എന്ന വിഷയം സംബന്ധിച്ച രണ്ടാം സെഷനിൽ മുൻ മന്ത്രി വി. എസ്. സുനിൽകുമാർ വിഷയാവതരണം നടത്തുകയും വിനോദസഞ്ചാര-സാംസ്കാരിക വകുപ്പ് മന്ത്രി പി. സി. വിഷ്ണുനാഥ് അധ്യക്ഷത വഹിക്കുകയും

ചെയ്തു. മൂന്നാം സെഷനിൽ മുൻ ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്, 'പ്രമേയങ്ങൾ, ഉപക്ഷേപങ്ങൾ, ചട്ടപ്രകാരമുള്ള ചർച്ചകൾ' എന്ന വിഷയം അവതരിപ്പിച്ചു. ജലവിഭവ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി മോൻസ് ജോസഫ് അധ്യക്ഷത വഹിച്ചു.

ഉച്ചയ്ക്ക് ശേഷം നടന്ന ആദ്യ സെഷനിൽ 'നിയമനിർമ്മാണ സഭകൾ-സവിശേഷ അധികാരങ്ങളുടെ പ്രസക്തിയും പാർലമെന്ററി മര്യാദകളും' എന്ന വിഷയത്തെ അധികരിച്ച് മുൻ ലോക്സഭാ സെക്രട്ടറി ജനറൽ പി. ഡി. റ്റി. ആചാരി സംസാരിച്ചു. ചടങ്ങിൽ ലോക്സഭാംഗം എൻ. കെ. പ്രേമചന്ദ്രൻ അധ്യക്ഷത വഹിച്ചു.

പരിശീലന പരിപാടിയുടെ രണ്ടാം ദിനത്തിലെ ആദ്യ സെഷനിൽ 'നിയമസഭാ സമിതികൾ – കൃത്യമായ ഇടപെടലുകളുടെയും ചിട്ടയായ പ്രവർത്തനത്തിന്റെയും ആവശ്യകത' എന്ന വിഷയം മുൻ മന്ത്രി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ചു. ചടങ്ങിൽ വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സണ്ണി ജോസഫ് അധ്യക്ഷനായിരുന്നു. രണ്ടാം സെഷനിൽ 'ഇ-നിയമസഭ' എന്ന വിഷയം ഇ-നിയമസഭ പ്രോജക്ട് ഡയറക്ടർ ഡോ. കെ. പി. നൗഫൽ അവതരിപ്പിച്ചു. രാജീവ് ചന്ദ്രശേഖർ എം.എൽ.എ. അധ്യക്ഷനായിരുന്നു.

ഉച്ചയ്ക്ക് ശേഷം നടന്ന ആദ്യ സെഷനിൽ 'സംസ്ഥാന ബജറ്റ്-നടപടിക്രമങ്ങളും ആസ്തി വികസന ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗവും' എന്ന വിഷയത്തെ സംബന്ധിച്ച് ഗതാഗത വകുപ്പ് മന്ത്രി സി. പി. ജോൺ സംസാരിച്ചു. എം.എൽ.എ.യും മുൻ ധനകാര്യ വകുപ്പ് മന്ത്രിയുമായിരുന്ന കെ. എൻ. ബാലഗോപാൽ അധ്യക്ഷനായിരുന്നു. രണ്ടാം സെഷനിൽ 'നിയമനിർമ്മാണ പ്രക്രിയയിൽ സാമാജികരുടെ ഗുണപരമായ ഇടപെടലുകൾ' എന്ന വിഷയത്തെ അധികരിച്ച് മുൻ മന്ത്രി പി. രാജീവ് സംസാരിച്ചു. ചടങ്ങിൽ പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി എൻ. ഷംസുദ്ദീൻ അധ്യക്ഷനായിരുന്നു.

തുടർന്ന് നടന്ന സമാപന യോഗത്തിൽ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ എന്നിവർ ഓറിയന്റേഷൻ പരിപാടിയെക്കുറിച്ചുള്ള അവലോകനം നടത്തി സെക്രട്ടറി-ഇൻ-ചാർജ് ഷാജി സി. ബേബി കൃതജ്ഞത രേഖപ്പെടുത്തി.




## ഒളിമ്പിക് ഫോറസ്റ്റ് വൃക്ഷത്തൈ നടൽ

അന്താരാഷ്ട്ര ഒളിമ്പിക് ദിനാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'ഒളിമ്പിക് ഫോറസ്റ്റ്' വൃക്ഷതൈ നടൽ പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം 2026 ജൂൺ 19ന് നിയമസഭാ സമുച്ചയത്തിൽ മുഖ്യമന്ത്രി വി. ഡി. സതീശൻ, സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കായികവകുപ്പ് മന്ത്രി ഒ. ജെ. ജനീഷ്, ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ എന്നിവർ വൃക്ഷതൈ നട്ടുകൊണ്ട് നിർവഹിച്ചു. എം.എൽ.എ.മാർ, തിരുവനന്തപുരം നഗരസഭാ മേയർ, ഡെപ്യൂട്ടി മേയർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് വൃക്ഷതൈ വിതരണവും നടന്നു.




## വായനാ ദിനാചരണം

കേരള ഗ്രന്ഥശാല സംഘത്തിന്റെ സ്ഥാപകനും പ്രചാരകനുമായിരുന്ന പി. എൻ. പണിക്കരുടെ സ്മരണ പുതുക്കി, 2026 വർഷത്തെ വായനാദിനം നിയമസഭാ സെക്രട്ടേറിയറ്റിലെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ ആഭിമുഖ്യത്തിൽ സമുചിതമായി ആചരിച്ചു. ജൂൺ 19ന് നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ നടന്ന പരിപാടിയിൽ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. 'എന്റെ വായനാനുഭവങ്ങൾ' എന്ന വിഷയത്തിൽ പ്രഭാഷകനും എഴുത്തുകാരനും കലാചരിത്രകാരനുമായ ഡോ. എം. ജി. ശശിഭൂഷൻ പ്രഭാഷണം നടത്തി. നിയമസഭാ പ്രസിദ്ധീകരണങ്ങളായ സമന്വയം, മൊഴി എന്നിവയുടെ പുതിയ ലക്കങ്ങളുടെ പ്രകാശനവും തെരഞ്ഞെടുക്കപ്പെട്ട സാഹിത്യ സൃഷ്ടികൾക്കുള്ള സമ്മാനവിതരണവും ചടങ്ങിൽ നടന്നു. നിയമസഭാ സെക്രട്ടറി ഇൻ-ചാർജ്ജ് ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി ദീപാ ആർ. കൃഷ്ണൻ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

## ലഹരിക്കെതിരെ 'കിക്ക് ഔട്ട് ഡ്രഗ്സ്'




സംസ്ഥാന സർക്കാരിന്റെ ലഹരി വിരുദ്ധ ക്യാമ്പയിനായ ഓപ്പറേഷൻ തൂഫാൻ പരിപാടിക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് തിരുവനന്തപുരം പ്രസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ 2026 ജൂൺ 23ന് നിയമസഭാ സാമാജികരെയും മാധ്യമ പ്രവർത്തകരെയും പങ്കെടുപ്പിച്ചു കൊണ്ട് ഓക്സിജൻ കപ്പ് ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു. 'കിക്ക് ഔട്ട് ഡ്രഗ്സ്' എന്ന സന്ദേശമുയർത്തി സംഘടിപ്പിച്ച മത്സരം സമനിലയിൽ അവസാനിച്ചു. നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ മത്സര വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു.

# പി. ജി. ഡിപ്ലോമ ഇൻ പാർലമെന്ററി സ്റ്റഡീസ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി സ്റ്റഡീസ് – പരീക്ഷാഫലം പ്രഖ്യാപിച്ചു

കെ-ലാംപ്സ് (പി.എസ്) വിഭാഗം നടത്തിയ പി.ജി. ഡിപ്ലോമ ഇൻ പാർലമെന്ററി സ്റ്റഡീസ് ആദ്യ ബാച്ചിന്റെയും 2026ലെ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി സ്റ്റഡീസ് ആദ്യ ബാച്ചിന്റെയും പരീക്ഷാഫലം 2026 ജൂൺ 14ന് പ്രസിദ്ധീകരിച്ചു. പി.ജി. ഡിപ്ലോമ ഇൻ പാർലമെന്ററി സ്റ്റഡീസ് ആദ്യ ബാച്ചിൽ പരീക്ഷ എഴുതിയ 136 പഠിതാക്കളിൽ 104 പേർ വിജയിച്ചു, (76% വിജയം). നിയമസഭാ സെക്രട്ടേറിയറ്റിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ശ്രീശില്പ എ. എസ്. ന് ഒന്നാം റാങ്കും ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി സജിത്ത് സി. സി. യ്ക്ക് രണ്ടാം റാങ്കും ഷാഹിന കെ. എ. യ്ക്ക് മൂന്നാം റാങ്കും ലഭിച്ചു.


ഒന്നാം റാങ്ക്
ശ്രീശില്പ എ. എസ്


രണ്ടാം റാങ്ക്
സജിത്ത് സി. സി


മൂന്നാം റാങ്ക്
ഷാഹിന കെ. എ

2026ലെ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി സ്റ്റഡീസ് ആദ്യ ബാച്ചിൽ പരീക്ഷ എഴുതിയ എല്ലാ പഠിതാക്കളും വിജയിച്ചു. ആനന്ദ് പി. വി. യ്ക്ക് ഒന്നാം റാങ്കും ശ്രീജിത്ത് എസ്. കുമാറിന് രണ്ടാം റാങ്കും അനന്തകൃഷ്ണൻ വി. യ്ക്ക് മൂന്നാം റാങ്കും ലഭിച്ചു.

റാങ്ക് ജേതാക്കൾക്കുള്ള അനുമോദനവും വിജയികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും രണ്ടാമത് ബാച്ചിന്റെ ഉദ്ഘാടനവും 2026 ജൂലായ് 29 ന് നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിച്ചു.


ഒന്നാം റാങ്ക്
ആനന്ദ് പി. വി.


രണ്ടാം റാങ്ക്
ശ്രീജിത്ത് എസ്. കുമാർ


മൂന്നാം റാങ്ക്
അനന്തകൃഷ്ണൻ വി.

# വീട്ടമ്മമാർ രാഷ്ട്ര നിർമ്മാതാക്കളെന്ന് സുപ്രീംകോടതി

മോട്ടോർ വാഹനാപകടത്തിൽ മരിച്ച വീട്ടമ്മയുടെ സേവനത്തിന് പ്രതിമാസം മുപ്പതിനായിരം രൂപ കണക്കാക്കി ഭർത്താവിന് നഷ്ട പരിഹാരം നിശ്ചയിച്ച് സുപ്രീംകോടതി ഉത്തരവ്. വീട്ടമ്മമാർ രാഷ്ട്രനിർമ്മാതാക്കളാണെന്നും മനുഷ്യ വളർച്ചയ്ക്കും രാജ്യപുരോഗതിക്കും അവരുടെ സംഭാവന അതുല്യമാണെന്നും നിരീക്ഷിച്ചാണ് ഈ നടപടി. നിലവിൽ ഇത്തരം കേസുകളിൽ വീട്ടമ്മമാർക്ക് നാമമാത്ര തുകയാണ് വേതനമായി കണക്കാക്കിയിരുന്നത്. ജസ്റ്റിസുമാരായ സഞ്ജയ് കരോൾ, എൻ.കെ. സിങ് എന്നിവരടങ്ങിയ ബെഞ്ചാണ് 2026 ജൂൺ 11ന് വിധി പ്രസ്താവം നടത്തിയത്. 2001 നവംബർ 25ന് പഞ്ചാബിൽ വാഹനാപകടത്തിൽ മരിച്ച സ്ത്രീയുടെ കുടുംബ ത്തിന് ലഭിക്കേണ്ട ഇൻഷുറൻസ് തുക 8.43 ലക്ഷം രൂപയിൽ നിന്ന് 62.78 ലക്ഷം രൂപയായി ഉയർത്തി ക്കൊണ്ടാണ് സുപ്രീംകോടതി ഇടപെടൽ നടത്തിയത്. അപകടത്തിൽ മരിച്ച സ്ത്രീയുടെ ഭർത്താവും കുട്ടികളും നഷ്ടപരിഹാരം വർദ്ധിപ്പി ക്കണമെന്നാവശ്യപ്പെട്ട് കോടതിയെ സമീപിക്കുകയും



2023ൽ സിർസയിലെ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ 2,42,000 രൂപ നഷ്ടപരിഹാര ത്തിന് ഉത്തരവിടുകയും ചെയ്തു. തുടർന്ന് അവർ ഹൈക്കോടതിയെ സമീപിക്കുകയും 7.5 ശതമാനം പലിശ സഹിതം 8,43,000 രൂപയാക്കി ഹൈക്കോടതി ഉയർത്തുകയും ചെയ്തു. കൂടുതൽ നഷ്ടപരിഹാര ത്തിന് അർഹതയുണ്ടെന്ന് കാട്ടി നൽകിയ അപ്പീലിൽ സുപ്രീം കോടതി നഷ്ടപരിഹാരം 62 ലക്ഷം രൂപ യായി വർധിപ്പിക്കുകയും ചെയ്തു.

# ദേശീയ പുരസ്കാരത്തിൽ മലയാളിത്തിളക്കം

എഴുപത്തിരണ്ടാമത് ദേശീയ ചലച്ചിത്ര പുരസ്കാരത്തിൽ തിളങ്ങി മലയാള സിനിമ. 2024ലെ മികച്ച നടനുള്ള 'രജതകമലം' പുരസ്കാ രത്തിന് മലയാള സിനിമയുടെ അഭിമാനമായ മമ്മൂട്ടി അർഹനായി. രാഹുൽ സദാശിവൻ സംവി ധാനം ചെയ്ത ഭ്രമയുഗത്തിലെ അഭിനയത്തിനാണ് അവാർഡ്. ഇത് നാലാം തവണയാണ് മികച്ച നടനുള്ള ദേശീയ പുരസ്കാരം മമ്മൂട്ടിക്ക് ലഭിക്കു ന്നത്. എ.ആർ.എം എന്ന ചിത്രത്തിലെ 'അങ്ങു വാന കോണില്' എന്ന ഗാനത്തിന്റെ ആലാപന മികവിലൂടെ മികച്ച ഗായികയായി വൈക്കം വിജയലക്ഷ്മി തെരഞ്ഞെടുക്കപ്പെട്ടു. മികച്ച ഛായാ ഗ്രാഹകനുള്ള ദേശീയ പുരസ്കാരം ഭ്രമയുഗത്തി ലൂടെ ഷെഹ്നാദ് ജലാൽ സ്വന്തമാക്കി. ഫാസിൽ മുഹമ്മദ് സംവിധാനം ചെയ്ത 'ഫെമിനിച്ചി ഫാത്തി മയാണ്' മികച്ച മലയാള ചലച്ചിത്രം.









# ചിത്രജാലകം



നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ മുൻ നിയമസഭാ സ്പീക്കർ തേറമ്പിൽ രാമകൃഷ്ണനെ സന്ദർശിച്ചപ്പോൾ



ലോക്സഭാ സെക്രട്ടറി ജനറലായിരുന്ന പി. ഡി. റ്റി. ആചാരി നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണനുമായുള്ള സന്ദർശനവേളയിൽ

# ചിത്രജാലകം



വായനാദിനത്തോടനുബന്ധിച്ച് 2026 ജൂൺ 19ന് നിയമസഭാ സമുച്ചയത്തിലെ ലൈബ്രറിയിൽ നടന്ന പുസ്തക പ്രദർശനം നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.



പി. ജി. ഡിപ്ലോമ ഇൻ പാർലമെന്ററി സ്റ്റഡീസ് ആദ്യ ബാച്ചിലെ ഒന്നാം റാങ്ക് ജേതാവിന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉപഹാരം സമ്മാനിക്കുന്നു.

# നിയമസഭാ സമിതികൾ രൂപീകരിച്ചു

പതിനാറാം കേരള നിയമസഭ 2026 മേയ് 5ന് രൂപീകൃതമായതിനെ തുടർന്ന് കേരള നിയമസഭയിലെ 37 സഭാ സമിതികൾ വിവിധ ഘട്ടങ്ങളിലായി പ്രത്യേക ബുള്ളറ്റിനുകൾ പ്രകാരം നിലവിൽ വന്നു. നിയമസഭാ സമിതികളിൽ ആദ്യമായി രൂപീകരിച്ചത് കാര്യോപദേശക സമിതിയാണ്. 2026 മേയ് 22ലെ 4-ാം നമ്പർ ബുള്ളറ്റിൻ ഭാഗം II പ്രകാരം രൂപീകൃതമായ കാര്യോപദേശക സമിതിയിൽ 9 അംഗങ്ങളാണുള്ളത്. സമിതിയുടെ എക്സ് ഒഫിഷ്യോ ചെയർമാൻ സ്പീക്കറാണ്.

## സബ്ജക്ട് കമ്മിറ്റികൾ (2026 – 28)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 233 അനുസരിച്ച് 2026 ജൂൺ 23ലെ 25ാം നമ്പർ ബുള്ളറ്റിൻ ഭാഗം II പ്രകാരം 14 സബ്ജക്ട് കമ്മിറ്റികൾ നിലവിൽ വന്നു. സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന ഏഴിൽ കുറയാത്തതും പതിനൊന്നിൽ കവിയാത്തതുമായ അംഗങ്ങളാണ് ഉൾക്കൊള്ളുന്നത്.

### സബ്ജക്ട് കമ്മിറ്റി I
### (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

കൃഷിവകുപ്പ് മന്ത്രി ചെയർപേഴ്സണും തൊഴിൽ മൃഗസംരക്ഷണം-വനിതാശിശുവികസന വകുപ്പ് മന്ത്രി, മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പ് മന്ത്രി എന്നീ എക്സ് ഒഫീഷ്യോ അംഗങ്ങളും ഉൾപ്പെടെ 11 അംഗങ്ങളാണുള്ളത്.

### സബ്ജക്ട് കമ്മിറ്റി II
### (ഭൂനികുതിയും ദേവസ്വവും)

ചെയർപേഴ്സൺ റവന്യൂ വകുപ്പ് മന്ത്രിയാണ്. എക്സ് ഒഫീഷ്യോ അംഗമായ ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രി ഉൾപ്പെടെ 11 അംഗങ്ങളാണുള്ളത്.

### സബ്ജക്ട് കമ്മിറ്റി III
### (ജലവിഭവം)

ജലവിഭവ-ഭവനനിർമ്മാണ വകുപ്പ് മന്ത്രിയാണ് ചെയർപേഴ്സൺ. 8 അംഗങ്ങളുണ്ട്.

### സബ്ജക്ട് കമ്മിറ്റി IV
### (വ്യവസായവും ധാതുക്കളും)

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി ചെയർപേഴ്സണും ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി എക്സ് ഒഫീഷ്യോ അംഗവുമായ സമിതിയിൽ 11 അംഗങ്ങളാണ് ഉള്ളത്.

### സബ്ജക്ട് കമ്മിറ്റി V
### (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)

പൊതുമരാമത്ത് വകുപ്പ് മന്ത്രി ചെയർപേഴ്സണും ഗതാഗത വകുപ്പ് മന്ത്രി എക്സ് ഒഫീഷ്യോ അംഗവും മുഖ്യമന്ത്രി പ്രത്യേക ക്ഷണിതാവുമായ കമ്മിറ്റിയിൽ 11 അംഗങ്ങളാണുള്ളത്.

### സബ്ജക്ട് കമ്മിറ്റി VI
### (വിദ്യാഭ്യാസം)

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രി ചെയർപേഴ്സണായ കമ്മിറ്റിയിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി, വിനോദസഞ്ചാര സാംസ്കാരിക വകുപ്പ് മന്ത്രി, കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി എന്നിവർ എക്സ് ഒഫീഷ്യോ അംഗങ്ങളാണ്. കമ്മിറ്റിയിൽ 11 അംഗങ്ങളുണ്ട്.

### സബ്ജക്ട് കമ്മിറ്റി VII
### (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും)

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പ് മന്ത്രി ചെയർപേഴ്സണും തൊഴിൽ, മൃഗസംരക്ഷണ-വനിതാശിശുവികസന വകുപ്പ് മന്ത്രി എക്സ് ഒഫീഷ്യോ അംഗവുമായ കമ്മിറ്റിയിൽ 10 അംഗങ്ങളാണുള്ളത്.

### സബ്ജക്ട് കമ്മിറ്റി VIII
### (സാമ്പത്തിക കാര്യങ്ങൾ)

മുഖ്യമന്ത്രിയാണ് ചെയർപേഴ്സൺ. സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി, കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി എന്നിവർ എക്സ് ഒഫീഷ്യോ അംഗങ്ങളായ കമ്മിറ്റിയിൽ 11 അംഗങ്ങളാണ്.

### സബ്ജക്ട് കമ്മിറ്റി IX
### (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ചെയർപേഴ്സണും ജലവിഭവ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി എക്സ് ഒഫീഷ്യോ അംഗവുമായ കമ്മിറ്റിയിൽ 11 അംഗങ്ങളാണ് ഉള്ളത്.

### സബ്ജക്ട് കമ്മിറ്റി X
### (വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പ് മന്ത്രി ചെയർപേഴ്സണും വൈദ്യുതി പരി

സ്ഥിതി-പാർലമെന്ററികാര്യ വകുപ്പ് മന്ത്രി, വിനോദസഞ്ചാര-സാംസ്കാരിക വകുപ്പ് മന്ത്രി എന്നിവർ എക്സ് ഒഫീഷ്യോ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റിയിൽ 11 അംഗങ്ങളാണ് ഉള്ളത്.

**സബ്ജക്ട് കമ്മിറ്റി XI**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും)**

ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി ചെയർപേഴ്സണും സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി എക്സ് ഒഫീഷ്യോ അംഗവുമായ കമ്മിറ്റിയിൽ 9 അംഗങ്ങളാണുള്ളത്.

**സബ്ജക്ട് കമ്മിറ്റി XII**
**(ആരോഗ്യവും കുടുംബക്ഷേമവും)**

ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രി ചെയർപേഴ്സണും തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശുവികസന വകുപ്പ് മന്ത്രി എക്സ് ഒഫീഷ്യോ അംഗവുമായിട്ടുള്ള കമ്മിറ്റിയിൽ 11 അംഗങ്ങളാണുള്ളത്.

**സബ്ജക്ട് കമ്മിറ്റി XIII**
**(സാമൂഹ്യ സേവനം)**

പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്കക്ഷേമ വകുപ്പ് മന്ത്രിയാണ് ചെയർപേഴ്സൺ. മത്സ്യബന്ധനം-സാമൂഹികനീതി വകുപ്പ് മന്ത്രി എക്സ് ഒഫീഷ്യോ അംഗമായ കമ്മിറ്റിയിൽ 11 അംഗങ്ങളാണുള്ളത്.

**സബ്ജക്ട് കമ്മിറ്റി XIV**
**(ആഭ്യന്തര കാര്യങ്ങൾ)**

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി ചെയർപേഴ്സണായ കമ്മിറ്റിയിൽ 11 അംഗങ്ങളുണ്ട്.

**ധനകാര്യ സമിതികൾ (2026 – 29)**

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, എസ്റ്റിമേറ്റ്സ് കമ്മിറ്റി, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റി, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി എന്നീ നാല് ധനകാര്യ സമിതികളിലെ അംഗങ്ങളെ തെരഞ്ഞെടുപ്പിലൂടെ നിശ്ചയിക്കുന്നു. അംഗങ്ങളിൽ നിന്നും നാമനിർദ്ദേശപത്രിക സ്വീകരിക്കുകയും വോട്ടെടുപ്പ് നടക്കുന്നപക്ഷം ആനുപാതിക പ്രാതിനിധ്യം അനുസരിച്ച് കൈമാറ്റം ചെയ്യാവുന്ന ഒരു വോട്ട് മുഖേന തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്യുന്നു. 2026 ജൂൺ 22ാം തീയതി പ്രാബല്യത്തിൽ ജൂൺ 23ാം തീയതിയിലെ 23ാം നമ്പർ ബുള്ളറ്റിൻ ഭാഗം II പ്രകാരം ധനകാര്യ സമിതികൾ നിലവിൽ വന്നു. നാല് സമിതികളിലും ചെയർപേഴ്സൺ ഉൾപ്പെടെ 11 അംഗങ്ങൾ വീതമാണുള്ളത്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 180 അനുസരിച്ച് 2026 ജൂലൈ 22ാം തീയതി പ്രാബല്യത്തിൽ ജൂലൈ 23ലെ 41ാം നമ്പർ ബുള്ളറ്റിൻ ഭാഗം II പ്രകാരം മേൽപറഞ്ഞ സമിതികൾ ഒഴികെയുള്ള നിയമസഭാ സമിതികൾ രൂപീകൃതമായി. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയിൽ ഏഴ് അംഗങ്ങളും പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി, ചട്ടങ്ങൾ സംബന്ധിച്ച സമിതി എന്നിവയിൽ പതിനൊന്ന് അംഗങ്ങളും മറ്റു സമിതികളിൽ ഒമ്പത് അംഗങ്ങൾ വീതവുമാണുള്ളത്. ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ എക്സ് ഒഫീഷ്യോ ചെയർപേഴ്സൺ സ്പീക്കറാണ്.

ഹൗസ് കമ്മിറ്റി, ലൈബ്രറി ഉപദേശകസമിതി എന്നിവ 2026 ജൂലൈ 23ലെ നമ്പർ 42 ബുള്ളറ്റിൻ ഭാഗം II പ്രകാരം ജൂലൈ 22ാം തീയതി പ്രാബല്യത്തിൽ രൂപീകൃതമായി. ഹൗസ് കമ്മിറ്റിയിൽ ഏഴ് അംഗങ്ങളും ലൈബ്രറി ഉപദേശകസമിതിയിൽ എട്ട് അംഗങ്ങളുമാണ് ഉള്ളത്.



തിരുവഞ്ചൂർ രാധാകൃഷ്ണൻ
എക്സ് ഒഫിഷ്യോ ചെയർമാൻ
കാര്യോപദേശക സമിതി,
ചട്ടങ്ങൾ സംബന്ധിച്ച കമ്മിറ്റി



ടി. സിദ്ദീഖ്
ചെയർപേഴ്സൺ
സബ്ജക്ട് കമ്മിറ്റി I



എ. പി. അനിൽകുമാർ
ചെയർപേഴ്സൺ
സബ്ജക്ട് കമ്മിറ്റി II



മോൻസ് ജോസഫ്
ചെയർപേഴ്സൺ
സബ്ജക്ട് കമ്മിറ്റി III



പി. കെ. കുഞ്ഞാലിക്കുട്ടി
ചെയർപേഴ്സൺ
സബ്ജക്ട് കമ്മിറ്റി IV



പി. കെ. ബഷീർ
ചെയർപേഴ്സൺ
സബ്ജക്ട് കമ്മിറ്റി V



എൻ. ഷംസുദ്ദീൻ
ചെയർപേഴ്സൺ
സബ്ജക്ട് കമ്മിറ്റി VI



സണ്ണി ജോസഫ്
ചെയർപേഴ്സൺ
സബ്ജക്ട് കമ്മിറ്റി VII



വി.ഡി. സതീശൻ
ചെയർപേഴ്സൺ
സബ്ജക്ട് കമ്മിറ്റി VIII



കെ. എം. ഷാജി
ചെയർപേഴ്സൺ
സബ്ജക്ട് കമ്മിറ്റി IX



ഷിബു ബേബി ജോൺ
ചെയർപേഴ്സൺ
സബ്ജക്ട് കമ്മിറ്റി X



അനൂപ് ജേക്കബ്
ചെയർപേഴ്സൺ
സബ്ജക്ട് കമ്മിറ്റി XI



കെ. മുരളീധരൻ
ചെയർപേഴ്സൺ
സബ്ജക്ട് കമ്മിറ്റി XII



കെ. എ തുളസി
ചെയർപേഴ്സൺ
സബ്ജക്ട് കമ്മിറ്റി XIII



രമേശ് ചെന്നിത്തല
ചെയർപേഴ്സൺ
സബ്ജക്ട് കമ്മിറ്റി XIV



കെ. എൻ. ബാലഗോപാൽ
ചെയർപേഴ്സൺ
പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി



വി. ടി. ബൽറാം
ചെയർപേഴ്സൺ
എസ്റ്റിമേറ്റ്സ് കമ്മിറ്റി



പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
ചെയർപേഴ്സൺ, പൊതുമേഖലാ
സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റി



അൻവർ സാദത്ത്
ചെയർപേഴ്സൺ, ലോക്കൽ ഫണ്ട്
അക്കൗണ്ട്സ് കമ്മിറ്റി



ഡോ. മാത്യൂ കുഴൽനാടൻ
ചെയർപേഴ്സൺ, അനൗദ്യോഗിക ബില്ലു
കളും പ്രമേയങ്ങളും സംബന്ധിച്ച സമിതി



ആര്യാടൻ ഷൗക്കത്ത്
ചെയർമാൻ, മ്യൂസിയം അഡ്വൈസറി
കമ്മിറ്റി



കെ. കെ. രമ
ചെയർപേഴ്സൺ
ഹർജികൾ സംബന്ധിച്ച സമിതി



എൻ. ശക്തൻ
ചെയർപേഴ്സൺ, പ്രിവിലേജ്,
എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി



നജീബ് കാന്തപുരം
ചെയർപേഴ്സൺ, സബോർഡിനേറ്റ്
ലെജിസ്ലേഷൻ കമ്മിറ്റി



പി. പ്രസാദ്
ചെയർപേഴ്സൺ , ഗവൺമെന്റ്
നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച
കമ്മിറ്റി



സേവ്യർ ചിറ്റിലപ്പിള്ളി
ചെയർപേഴ്സൺ
മേശപ്പുറത്ത് വച്ച കടലാസ്സുകൾ
സംബന്ധിച്ച കമ്മിറ്റി



ഐ. സി. ബാലകൃഷ്ണൻ
ചെയർപേഴ്സൺ
പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമം
സംബന്ധിച്ച കമ്മിറ്റി



ഉമാ തോമസ്
ചെയർപേഴ്സൺ, സ്ത്രീകളുടെയും
ട്രാൻസ്ജെന്ററുകളുടെയും കുട്ടികളു
ടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം
സംബന്ധിച്ച കമ്മിറ്റി



സജീവ് ജോസഫ്
ചെയർപേഴ്സൺ
പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റി



ടി. വി. ഇബ്രാഹിം
ചെയർപേഴ്സൺ, പിന്നാക്ക സമു
ദായ ക്ഷേമം സംബന്ധിച്ച കമ്മിറ്റി



ടി. ജെ. വിനോദ്
ചെയർപേഴ്സൺ, ഔദ്യോഗിക ഭാഷ
സംബന്ധിച്ച കമ്മിറ്റി



സി. ആർ. മഹേഷ്
ചെയർപേഴ്സൺ, മത്സ്യത്തൊഴിലാളിക
ളുടെയും അനുബന്ധ തൊഴിലാളികളു
ടെയും ക്ഷേമം സംബന്ധിച്ച കമ്മിറ്റി



പാറക്കൽ അബ്ദുല്ല
ചെയർപേഴ്സൺ, പ്രവാസി മലയാളി
കളുടെ ക്ഷേമം സംബന്ധിച്ച കമ്മിറ്റി



സനീഷ്കുമാർ ജോസഫ്
ചെയർപേഴ്സൺ, യുവജനക്ഷേമവും
യുവജനകാര്യവും സംബന്ധിച്ച കമ്മിറ്റി



തോമസ് ഉണ്ണിയാടൻ
ചെയർപേഴ്സൺ, മുതിർന്ന പൗരന്മാ
രുടെ ക്ഷേമം സംബന്ധിച്ച കമ്മിറ്റി



എ. കെ. എം. അഷ്റഫ്
ചെയർപേഴ്സൺ
ഹൗസ് കമ്മിറ്റി



വർഗ്ഗീസ് മാമ്മൻ
ചെയർപേഴ്സൺ
ലൈബ്രറി ഉപദേശക സമിതി

# കേരള കാർഷിക സർവകലാശാല ജനറൽ കൗൺസിൽ


എ. കെ. എം. അഷ്റഫ്


സനീഷ്കുമാർ ജോസഫ്


കെ. കെ. വത്സരാജ്


ഐ. സി. ബാലകൃഷ്ണൺ

കേരള കാർഷിക സർവകലാശാല ജനറൽ കൗൺസിലിലേക്ക് നിയമസഭാ സാമാജികരിൽ നിന്ന് നാല് പേരെ തെരഞ്ഞെടുത്തു. പൊതു വിഭാഗത്തിൽ നിന്ന് മൂന്ന് പേരെയും പട്ടികജാതി/പട്ടികവർഗ്ഗ സംവരണ വിഭാഗത്തിൽ നിന്ന് ഒരാളെയുമാണ് തെരഞ്ഞെടുത്തത്. പൊതു വിഭാഗത്തിൽ എ. കെ. എം. അഷ്റഫ്, സനീഷ്കുമാർ ജോസഫ്, കെ. കെ. വത്സരാജ് എന്നിവരും സംവരണ വിഭാഗത്തിൽ ഐ. സി. ബാലകൃഷ്ണനുമാണ് തെരഞ്ഞെടുക്കപ്പെട്ടത്.

# നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ജനറൽ കൗൺസിൽ


ചാണ്ടി ഉമ്മൻ

നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് ജനറൽ കൗൺസിലിലേയ്ക്ക് NUALS റെഗുലേഷൻ അധ്യായം XIV പ്രകാരം രണ്ട് സാമാജികരെ തെരഞ്ഞെടുത്തു. ചാണ്ടി ഉമ്മൻ, ഫാത്തിമ തഹിലിയ എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.


ഫാത്തിമ തഹിലിയ

# എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല-ബോർഡ് ഓഫ് ഗവർണേഴ്സ്


പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ


ജ്യോതികുമാർ ചാമക്കാല


കെ.വി.സുമേഷ്


ഉമാ തോമസ്


രമ്യ ഹരിദാസ്

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല ബോർഡ് ഓഫ് ഗവർണേഴ്സിലേക്ക് സർവകലാശാല സ്റ്റാറ്റ്യൂട്ടിലെ അധ്യായം X പ്രകാരം അഞ്ച് സാമാജികർ തെരഞ്ഞെടുക്കപ്പെട്ടു. പൊതുവിഭാഗത്തിൽ നിന്ന് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ജ്യോതികുമാർ ചാമക്കാല, കെ.വി.സുമേഷ് എന്നിവരും വനിതാ സംവരണ വിഭാഗത്തിൽ ഉമാ തോമസും പട്ടികജാതി പട്ടികവർഗ്ഗ സംവരണ വിഭാഗത്തിൽ രമ്യ ഹരിദാസുമാണ് തെരഞ്ഞെടുക്കപ്പെട്ടത്.





# ഡോ. അനിൽ മേനോൻ : ബഹിരാകാശ നിലയത്തിലെ പ്രഥമ മലയാളി സാന്നിധ്യം

ബഹിരാകാശത്തെത്തുന്ന ആദ്യ മലയാളിയെന്ന ചരിത്രനേട്ടം കുറിച്ച് നാസാ ശാസ്ത്രജ്ഞനായ ഡോ. അനിൽ മേനോൻ. കസാഖ്സ്താനിലെ ബൈക്കനൂരിലുള്ള റഷ്യൻ ബഹിരാകാശ നിലയത്തിലെ കോസ്മോഡ്രോമിൽ നിന്ന് റഷ്യൻ ബഹിരാകാശ ഏജൻസിയായ റോസ് കോസ്മോസിന്റെ സോയൂസ് എംഎസ്-29 (Soyuz MS-29) എന്ന പേടകത്തിലാണ് അനിൽ മേനോൻ ഉൾപ്പെടുന്ന മൂന്നംഗ സംഘം യാത്ര തിരിച്ചത്. 2026 ജൂലൈ 14ന് വിക്ഷേപിച്ച പേടകം എക്സ്പെഡിഷൻ 74, 75 ദൗത്യത്തിന്റെ ഭാഗമായുള്ള ഗവേഷണങ്ങൾക്കായി എട്ടുമാസം ഐ.എസ്.എസിൽ ചെലവഴിച്ചശേഷം 2027 മാർച്ചിൽ ഭൂമിയിൽ തിരിച്ചെത്തും. ഗുരുത്വാകർഷണമില്ലാത്ത സാഹചര്യത്തിലെ ദീർഘകാല താമസം മനുഷ്യശരീരത്തിലുണ്ടാക്കുന്ന മാറ്റങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകും. മൈക്രോ ഗ്രാവിറ്റിയിൽ അസ്ഥികളുടെ സാന്ദ്രത കുറയുന്നതും പേശികൾ ക്ഷയിക്കുന്നതും എങ്ങനെ തടയാമെന്നതാണ് പ്രധാന ഗവേഷണ വിഷയം. എമർജൻസി മെഡിസിൻ വിഭാഗം ഡോക്ടറും യു.എസ് ബഹിരാകാശ സേനയിൽ കേണൽ പദവിയുമുള്ള ഉദ്യോഗസ്ഥനാണ് അനിൽ മേനോൻ. 2010ൽ ഹെയ്തിയിലും 2015ൽ നേപ്പാളിലും ഭൂകമ്പമുണ്ടായപ്പോൾ മെഡിക്കൽ രക്ഷാദൗത്യങ്ങളുടെ ഭാഗമായി പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം എഫ് 15 യുദ്ധ വിമാനമുൾപ്പെടെയുള്ള വിവിധ വിമാനങ്ങളുടെ പൈലറ്റുമാരുടെ ആരോഗ്യ പരിപാലനത്തിലും പരിശീലനത്തിലും പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. നാസയിലെ ഫ്ളൈറ്റ് സർജനായി പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം സ്പേസ് എക്സിന്റെ ആദ്യ ഫ്ളൈറ്റ് സർജനായിരുന്നു. പാലക്കാട് ഒറ്റപ്പാലം സ്വദേശി ശങ്കരമേനോന്റെയും യുക്രെയ്ൻകാരി എലിസബത്ത് സമോയി ലെങ്കയുടെയും മകനായി അമേരിക്കയിലാണ് അനിൽ മേനോൻ ജനിച്ചത്. ഹാർവാർഡ് സർവകലാശാലയിൽ നിന്ന് ന്യൂറോബയോളജിയിൽ ബിരുദവും സ്റ്റാൻഫോർഡ് സർവകലാശാലയിൽ നിന്ന് മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുള്ള അദ്ദേഹം സ്റ്റാൻഫോർഡ് മെഡിക്കൽ സ്കൂളിൽ നിന്നും ഡോക്ടർ ഓഫ് മെഡിസിൻ ബിരുദവും നേടിയിട്ടുണ്ട്. സ്പേസ് എക്സ് ജീവനക്കാരിയും ബഹിരാകാശ സഞ്ചാരിയുമായ അന്നാ മേനോനാണ് ഭാര്യ. രണ്ട് മക്കളുണ്ട്.



വൈഭവ് സൂര്യവംശി



പ്രൊഫ. ജൈനേന്ദ്ര കെ. ജെയിൻ



വിക്രം 1




ട്രിയോണ്ട

1) രാജ്യാന്തര ക്രിക്കറ്റിൽ അരങ്ങേറ്റം കുറിച്ച ഏറ്റവും പ്രായം കുറഞ്ഞ ഇന്ത്യക്കാരൻ?
   വൈഭവ് സൂര്യവംശി (15 വയസ്സ് )

2) ഭൗതികശാസ്ത്രത്തിൽ വുൾഫ് പ്രൈസ് നേടുന്ന ആദ്യ ഇന്ത്യൻ വംശജനായ ശാസ്ത്രജ്ഞൻ ?
   പ്രൊഫ. ജൈനേന്ദ്ര കെ. ജെയിൻ

3) ഇന്ത്യ ആദ്യമായി വിക്ഷേപിച്ച സ്വകാര്യ ബഹിരാകാശ റോക്കറ്റ് ഏതാണ് ?
   വിക്രം 1

4) ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച ആദ്യ ഹൈഡ്രജൻ ട്രെയിൻ ഏത് ?
   നമോ ഗ്രീൻ റെയിൽ

5) 2026ൽ പ്രവർത്തനം ആരംഭിച്ച ഇന്ത്യയിലെ ആദ്യ സ്വകാര്യ സ്വർണ്ണഖനി ഏത്?
   ആന്ധ്രാപ്രദേശിലെ സ്വർണ്ണഗിരി (മുമ്പ് ജോന്നഗിരി)

6) സംസ്ഥാനത്തിന്റെ ഔദ്യോഗിക നാമം 'കേരള' എന്നതിന് പകരം 'കേരളം' എന്നാക്കി മാറ്റുന്നതിനായുള്ള രാഷ്ട്രപതിയുടെ റഫറൻസ് Kerala (Alteration of Name) Bill, 2026 കേരള നിയമസഭ അംഗീകരിച്ചതെന്ന് ?
   2026 ജൂലൈ 1

7) ലഹരി മാഫിയകൾക്കെതിരെ ശക്തമായ നിയമ നടപടി സ്വീകരിക്കുന്നതിനായി കേരള സംസ്ഥാന ആഭ്യന്തര വകുപ്പ് നടപ്പിലാക്കിയ പുതിയ പദ്ധതി ഏത് ?
   ഓപ്പറേഷൻ തൂഫാൻ; ദി നാർക്കോ ഹണ്ട്

8) ഇന്ത്യയിൽ ആദ്യമായി വയോജന വകുപ്പ് രൂപീകരിച്ച സംസ്ഥാനം ഏത് ?
   കേരളം

9) 2026 ഫിഫ ലോകകപ്പ് ഫുട്ബോളിലെ പന്തിന്റെ ഔദ്യോഗിക നാമം എന്താണ് ?
   ട്രിയോണ്ട (ലോകകപ്പിന് ആതിഥേയത്വം വഹിക്കുന്ന അമേരിക്ക, കാനഡ, മെക്സിക്കോ എന്നീ മൂന്ന് രാജ്യങ്ങളോടുള്ള ആദരവ് സൂചിപ്പിക്കുന്നതിനായി 'ട്രൈ' (Tri), തിരമാല എന്ന് അർഥം വരുന്ന ഓണ്ട (Onda) എന്നിവ ചേർന്നതാണ് ട്രിയോണ്ട (Trionda

10) കേരളത്തെ പരിപൂർണ്ണ അഴിമതിരഹിത സംസ്ഥാനമാക്കി മാറ്റുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതി ?
   പ്രോജക്റ്റ് സീറോ



സ്വർണ്ണഗിരി




നമോ ഗ്രീൻ റെയിൽ




ഓപ്പറേഷൻ തൂഫാൻ



# എം. വി. രാഘവൻ : സമാനതകളില്ലാത്ത രാഷ്ട്രീയ ചരിത്രം

കേരളത്തിൽ വിശിഷ്യാ ഉത്തര മലബാറിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ശക്തിപ്പെടുത്തുവാൻ മുൻനിരയിൽ നിന്ന നേതാവായിരുന്ന എം.വി.രാഘവൻ നാലു തവണ മന്ത്രിയും ഏഴു തവണ എം.എൽ.എ.യുമായി കേരള രാഷ്ട്രീയത്തിൽ നിറഞ്ഞു നിന്ന വ്യക്തിയായിരുന്നു. അഞ്ചു ജില്ലകളിൽ (കണ്ണൂർ, പാലക്കാട്, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം) നിന്ന് നിയമസഭയിലേക്ക് മത്സരിച്ചതിന്റെയും പത്തു തവണ പത്തു മണ്ഡലങ്ങളിൽ നിന്നു മാറിമാറി മത്സരിച്ചതിന്റെയും റെക്കോർഡ് എം.വി. രാഘവന് സ്വന്തമാണ്.

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി മേലേത്ത് ശങ്കരൻ നമ്പ്യാരുടെയും തമ്പായി അമ്മയുടെയും മകനായി 1933 മേയ് 5ന് ജനിച്ച എം.വി. രാഘവൻ, പതിനാലാം വയസ്സിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി രാഷ്ട്രീയ പ്രവർത്തനത്തിൽ സജീവമായി. 1970, 1977, 1980, 1982 എന്നീ വർഷങ്ങളിൽ യഥാക്രമം മാടായി, തളിപ്പറമ്പ്, കൂത്തുപറമ്പ്, പയ്യന്നൂർ എന്നീ നിയോജക മണ്ഡലങ്ങളിൽ നിന്നും നാല്, അഞ്ച്, ആറ്, ഏഴ് കേരള നിയമസഭകളിലേക്ക് സി.പി.ഐ.(എം) പ്രതിനിധിയായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 1986ൽ സി.എം.പി. എന്ന രാഷ്ട്രീയ പാർട്ടി രൂപീകരിച്ചു. 1987, 1991, 2001 വർഷങ്ങളിൽ യഥാക്രമം അഴീക്കോട്, കഴക്കൂട്ടം, തിരുവനന്തപുരം വെസ്റ്റ് നിയോജക മണ്ഡലങ്ങളിൽ നിന്നും എട്ട്, ഒമ്പത്, പതിനൊന്ന് കേരള നിയമസഭകളിലേക്ക് സി.എം.പി. പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടു.

1991ൽ കെ. കരുണാകരൻ മന്ത്രിസഭയിലും 1995ലും 2001ലും എ.കെ. ആന്റണി മന്ത്രിസഭയിലും 2004ൽ ഉമ്മൻ ചാണ്ടി മന്ത്രിസഭയിലും സഹകരണം, തുറമുഖം എന്നീ വകുപ്പുകളുടെ ചുമതല വഹിച്ചിട്ടുണ്ട്. രാജ്യത്ത് ആദ്യമായി സഹകരണ മേഖലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതുൾപ്പെടെ സഹകരണ മേഖലയ്ക്ക് കരുത്തു പകരുന്ന പല പദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പാക്കുകയും ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖ പദ്ധതികൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. കർഷകരുടെയും തൊഴിലാളികളുടെയും ശബ്ദമായി സഭയ്ക്കകത്തും പുറത്തും നിരന്തര പോരാട്ടം നടത്തിയ എം.വി. രാഘവൻ സംഘടനാരംഗത്തും വിദ്യാർഥി -യുവജന പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിലും കർമശേഷിയുള്ള ഒരു യുവതലമുറയെ വളർത്തിയെടുക്കുന്നതിലും സവിശേഷമായ നേതൃപാടവം കാഴ്ച വച്ചു.

1986ൽ സി.എം.പി. രൂപീകരിച്ചതുമുതൽ പാർട്ടിയുടെ ജനറൽ സെക്രട്ടറിയായിരുന്ന അദ്ദേഹം സി.പി.എം. കണ്ണൂർ ജില്ലാ സെക്രട്ടറി,സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം, പരിയാരം സഹകരണ മെഡിക്കൽ കോളേജ് ചെയർമാൻ എന്നീ നിലകളിലും എ.കെ.ജി. മെമ്മോറിയൽ സഹകരണ ഹോസ്പിറ്റൽ, പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്, പാപ്പിനിശ്ശേരി വിഷ ചികിത്സ സൊസൈറ്റി, പറശ്ശിനിക്കടവ് ആയുർവേദ മെഡിക്കൽ കോളേജ് എന്നിവയുടെ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

2014 നവംബർ 09ന് 81ാം വയസിൽ അന്തരിച്ച എം.വി. രാഘവന് 2014 ഡിസംബർ 1ന് കേരള നിയമസഭ ചരമോപചാരം അർപ്പിച്ചു. ഭാര്യ : സി.വി. ജാനകി. നാലു മക്കളുണ്ട്.



# എം. ജെ. സക്കറിയ : ഡെപ്യൂട്ടി മേയർ പദവിയിൽ നിന്നും ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേക്ക്

മട്ടാഞ്ചേരിയടെ സാമൂഹ്യ രാഷ്ട്രീയ ജീവിതത്തിലും കേരള രാഷ്ട്രീയ രംഗത്തും നിറഞ്ഞു നിന്നിരുന്ന സാന്നിധ്യമായിരുന്നു കേരള നിയമസഭാ മുൻ ഡെപ്യൂട്ടി സ്പീക്കറും തൊഴിലാളി നേതാവുമായിരുന്ന എം.ജെ. സക്കറിയ സേട്ട്. മട്ടാഞ്ചേരി നിയോജകമണ്ഡലത്തിൽ നിന്ന് ആറ്, എട്ട്, ഒമ്പത് കേരള നിയമസഭകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ആറാം കേരള നിയമസഭയുടെ കാലത്ത് 1980 ഫെബ്രുവരി 21 മുതൽ 1982 ഫെബ്രുവരി 1 വരെയാണ് ഡെപ്യൂട്ടി സ്പീക്കർ പദവി വഹിച്ചത്.

മുഹമ്മദ് ജാഫർ സേട്ടിന്റെയും ഫാത്തിമ ബായിയുടെയും മകനായി 1941 ഏപ്രിൽ 11ന് കൊച്ചിയിൽ ജനിച്ച എം.ജെ. സക്കറിയ മട്ടാഞ്ചേരി ഹാജി ഈസാ ഹാജി മൂസാ സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നേടി. മഹാരാജാസിൽ ഇന്റർമീഡിയറ്റിന് പഠിക്കവെ മുസ്ലീം സ്റ്റുഡന്റ്സ് ഫെഡറേഷനിലൂടെയാണ് രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. കൊച്ചി കോർപ്പറേഷൻ രൂപീകൃതമായ 1967 മുതൽ ദീർഘകാലം കൗൺസിലറായും ഹെൽത്ത് കമ്മിറ്റി ചെയർമാനായും ഡെപ്യൂട്ടി മേയറായും പ്രവർത്തിച്ച അദ്ദേഹം കൊച്ചി കോർപ്പറേഷന്റെ വികസനത്തിൽ ഗണ്യമായ സംഭാവനകൾ നൽകി. കൊച്ചി കോർപ്പറേഷൻ പ്രതിനിധിയായി ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

എഴുത്തുകാരൻ, പ്രാസംഗികൻ, പത്രപ്രവർത്തകൻ, ട്രേഡ് യൂണിയൻ നേതാവ് എന്നീ നിലകളിൽ ശോഭിച്ച അദ്ദേഹം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി ചെയർമാൻ (1994–96), മുസ്ലീം ലീഗ് നിയമസഭാ കക്ഷി സെക്രട്ടറി, എ.ഐ.എം.എൽ. സംസ്ഥാന സെക്രട്ടറി, സംസ്ഥാന വൈസ് പ്രസിഡന്റ്, കേരള റേഷൻ ഷോപ്പ് തൊഴിലാളി യൂണിയൻ, കൊച്ചി തുറമുഖ സ്വതന്ത്ര തൊഴിലാളി യൂണിയൻ എന്നിവയുടെയും മറ്റ് നിരവധി യൂണിയനുകളുടെയും പ്രസിഡന്റ്, ഇൻഡ്യൻ നാഷണൽ ലീഗ് മുഖപത്രമായ 'ഐക്യം' വാരികയുടെ പത്രാധിപർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

1999 ഒക്ടോബർ 3ന് 58ാമത്തെ വയസിൽ അന്തരിച്ച അദ്ദേഹത്തിന് 1999 ഡിസംബർ 29ന് കേരള നിയമസഭ ചരമോപചാരം അർപ്പിച്ചു. ഹാജറ ബായിയാണ് ഭാര്യ. ഏഴു മക്കളാണ്.



# റോഡ് വികസനത്തിനായി ഭൂമി വിട്ടുനൽകുന്നവർക്ക് അർഹമായ നഷ്ടപരിഹാരം ഉറപ്പാക്കണം : എൻ. ഐ. ദേവസ്സിക്കുട്ടി

നാലാം കേരള നിയമസഭയിൽ 1976–ലെ കേരള ഹൈവേസ് ബിൽ അവതരണ വേളയിലെ ചർച്ചയിൽ പങ്കെടുത്ത് 1976 ഡിസംബർ 22ന് എൻ.ഐ ദേവസ്സിക്കുട്ടി സഭാതലത്തിൽ നടത്തിയ പ്രസംഗത്തിൽ നിന്ന്



*Sir, I move that the Bill be circulated for eliciting public opinion till 15th February, 1977.*

*സർ, ഈ സംസ്ഥാനത്തെ റോഡുകൾ സുരക്ഷിതമായി സംരക്ഷിക്കുന്നതിനും എക്കാലത്തും ഗതാഗതയോഗ്യമായി നിലനിർത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടാണ് ഗവൺമെന്റ് ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. നിരന്തരമായ കയ്യേറ്റങ്ങൾ കൊണ്ട് പല റോഡുകളുടെയും വീതി കുറഞ്ഞുപോകുന്നു; ഗതാഗതത്തിന് കുഴപ്പം ഉണ്ടാകുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. അങ്ങനെയുള്ള എല്ലാ കെടുതികളും പരിഹരിക്കുന്നതിനുള്ള വ്യവസ്ഥ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതുപോലെതന്നെ പുതിയ റോഡുകൾ ഉണ്ടാക്കുന്നതിനാവശ്യമായ നടപടിക്രമങ്ങളും വ്യവസ്ഥകളും ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതെല്ലാംതന്നെ വളരെ സ്വാഗതാർഹമാണ്. എന്നാൽ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള ആറാം അദ്ധ്യായത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വളരെ ഒഴുക്കൻ മട്ടിലാണ് പറഞ്ഞുപോയത്. ആറാം അദ്ധ്യായത്തിലെ വ്യവസ്ഥ നടപ്പിലാക്കുകയാണെങ്കിൽ അത് കേരളത്തിലുടനീളം വലിയ പ്രത്യാഘാതങ്ങൾ ഉളവാക്കുമെന്നുള്ളതിൽ വലിയ സംശയമില്ല. ആറാം അദ്ധ്യായത്തിൽ കേരളത്തിൽ ഉണ്ടാക്കുന്ന അല്ലെങ്കിൽ ഈ ഗവൺമെന്റ് പ്രഖ്യാപിക്കുന്ന സംസ്ഥാനതലത്തിലോ വില്ലേജ് തലത്തിലോ ഉള്ള റോഡുകളുടെ ഫലമായിട്ട് ഏതെങ്കിലും ഭൂമിക്ക് എന്തെങ്കിലും ഗുണം കിട്ടുകയാണെങ്കിൽ ആ ഭൂമിയുടെ ഉടമ ബെറ്റർമെന്റ് ലെവി കൊടുക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഭൂമിയുടെ വില വർദ്ധിക്കുമെന്നാണ് ഈ ഗുണം കിട്ടുക എന്നുള്ളതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. അങ്ങനെ വില എത്ര വർദ്ധിച്ചുവെന്ന് കണക്കാക്കുന്നതിനുള്ള അധികാരികളേയും ഈ നിയമത്തിൽ നിശ്ചയിച്ചിട്ടുണ്ട്. അങ്ങനെ കിട്ടിയിട്ടുള്ള ഗുണങ്ങളുടെ ഫലമായിട്ട് വർദ്ധിച്ച വിലയുടെ അൻപത് ശതമാനം ഭൂവുടമ സർക്കാരിലേക്ക് ബെറ്റർമെന്റ് ലെവിയായിട്ട് കൊടുക്കണം അതാണ് ഈ ബില്ലിൽ ലെവിയെ സംബന്ധിച്ചുള്ള വ്യവസ്ഥയിൽ പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, റോഡരികിൽ വലിയ മണിമന്ദിരങ്ങൾ വയ്ക്കുന്നു, അങ്ങനെ നിർമ്മിച്ചതുകൊണ്ട് ഭൂവുടമയ്ക്ക് വലിയ ഗുണം ലഭിക്കുന്നു, വാടക ലഭിക്കുന്നുവെന്ന്.*

*എന്നാൽ സാധാരണക്കാരായ ഭൂവുടമയുടെ ചിത്രം എന്താണെന്നുകൂടി നമുക്ക് പരിശോധിക്കാം. ഹൈവെ എന്നുള്ളത് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും വില്ലേജ് തലത്തിലും എല്ലാം ഉള്ള റോഡുകൾ പെടും. ഒരു കൃഷിക്കാരൻ വീടു വച്ച് താമസിക്കുന്നതിന്റെ അടുത്തുകൂടി നിർഭാഗ്യവശാൽ ഒരു റോഡ് പോയാൽ അതിന്റെ അനന്തരഫലം എന്തായിരിക്കും? ഈ ആക്ടിൽ പറയുന്ന ഉദ്യോഗ*

സ്ഥൻമാർ ഉടനെ അവിടെ പോകും, ആ റോഡുകൊണ്ട് കൃഷിക്കാരന് എന്തുമാത്രം ഗുണം കിട്ടുമെന്ന് പരിശോധിക്കും, കേരളത്തിന്റെ സ്ഥിതിയെക്കുറിച്ച് അറിയുന്നവർക്ക് അറിയാം ഒരു റോഡ് വരുന്നതുകൊണ്ട് പട്ടണപ്രദേശങ്ങളിലോ വാണിജ്യപരമായി പ്രാധാന്യമുള്ള പ്രദേശങ്ങളിലോ ഗുണം സിദ്ധിക്കുമായിരിക്കും. അതല്ലാതെ സാധാരണക്കാരനായ ഒരു കൃഷിക്കാരൻ വീടു വച്ച് താമസിക്കുകയാണെങ്കിൽ അവന് എന്ത് ഗുണമാണ് ഇതുകൊണ്ട് കിട്ടാൻ പോകുന്നത് ? റോഡ് വന്നാൽ ഇതിലെ ബന്ധപ്പെട്ട ഉദ്യാഗസ്ഥൻമാർ, ഈ റോഡ് വന്നതുകൊണ്ട് നിങ്ങൾക്ക് ഒരു ലക്ഷം രൂപയുടെ വില വർദ്ധനവുണ്ടായിയെന്ന് സാങ്കൽപികമായി പറയും, അതുകൊണ്ട് അതിന്റെ അൻപത് ശതമാനം ബെറ്റർമെന്റ് ലെവിയായിട്ട് അടയ്ക്കണമെന്ന്. ഇതാണ് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റെ ഫലമായി സാധാരണക്കാരായ ഭൂവുടമകൾക്കും കൃഷിക്കാർക്കും വീടുവച്ച് താമസിക്കുന്നവർക്കും ഉണ്ടാകുന്ന ദുരന്തം, ഒരു റോഡ് ഉണ്ടായി കഴിഞ്ഞാൽ അങ്ങനെ താമസിക്കുന്നവരുടെ പേരിൽ നിരവധി നോട്ടീസുകൾ വരും, നോട്ടീസ് കിട്ടിക്കഴിഞ്ഞാൽ അതിൽ പറയുന്നിടത്തൊക്കെ കൃഷിക്കാരൻ ഹാജരാകണം, അതിനെപ്പറ്റിയെല്ലാം വിവരിക്കണം. ഇതെല്ലാം കഴിഞ്ഞിട്ട് അവസാനം അവർ നിശ്ചയിക്കുന്ന ബെറ്റർമെന്റ് ലെവി കൊടുക്കുകയും വേണം. അത് അടച്ചില്ലെങ്കിൽ അത് വസൂലാക്കുന്നതിനുള്ള എല്ലാ ഏർപ്പാടുകളും കർക്കശമായി ഈ ബില്ലിൽതന്നെ കൊടുത്തിട്ടുണ്ട്.

പിന്നെ ഒരു സൗജന്യം ചെയ്തിരിക്കുന്നത് ഏതെങ്കിലും ഭൂവുടമയ്ക്ക് അവർ പറയുന്ന ബെറ്റർമെന്റ് ലെവി പണമായിട്ട് അടയ്ക്കാൻ കഴിഞ്ഞില്ലെങ്കിൽ അവന്റെ ഭൂമിയും പുരയും ഗവൺമെന്റ് എടുത്തുകൊള്ളാമെന്നാണ്. ഇത് ഈ ബില്ലിലെ 48-ാം വകുപ്പിലാണ് പറഞ്ഞിരിക്കുന്നത്. പണമായിട്ട് ബെറ്റർമെന്റ് ലെവി കൊടുക്കാൻ കഴിവില്ലെങ്കിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന വിലയ്ക്ക് അവന്റെ ഭൂമിയും പുരയും സർക്കാരിലേക്ക് കൊടുക്കാൻ ബെറ്റർമെന്റ് ലെവി അടച്ചതായി കണക്കാക്കുമെന്നാണ്. അതിലും വിചിത്രമായി മറ്റൊന്ന് ഉണ്ട്. അതായത് സ്റ്റേറ്റ് തലത്തിലോ ജില്ലാ തലത്തിലോ വില്ലേജ് തലത്തിലോ റോഡിന് ആവശ്യമായ ഭൂമി അക്വയർ ചെയ്യും. അതിനുള്ള നടപടി ക്രമങ്ങളും ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ നടപടി ക്രമത്തിന്റെ ഫലമായി ആ ഭൂമിയിൽ പുരവച്ച് താമസിക്കുന്ന ആളിന് ഭൂമിയുടെ പൊന്നുംവില കൊടുക്കേണ്ടതുണ്ടെങ്കിൽ ഈ ബില്ലിലെ 40-ാം വകുപ്പനുസരിച്ച് ആ വില കൊടുക്കുകയില്ലെന്നും അത് ബെറ്റർമെന്റ് ലെവിയായി തട്ടികഴിക്കുമെന്നുമാണ്. അങ്ങനെയും ഒരു ആനുകൂല്യം പൊന്നുംവില പ്രകാരം കൃഷിക്കാരന് അല്ലെങ്കിൽ പുരവച്ച് താമസിക്കുന്ന ആളിന് കിട്ടേണ്ടതുണ്ടെങ്കിൽ ബെറ്റർമെന്റ് ലെവി കഴിച്ച് ബാക്കി ഉണ്ടെങ്കിൽ കൊടുക്കുമെന്നാണ് നാട്ടിൻപുറങ്ങളിൽ ഒരു ചൊല്ലുണ്ട്, 'ചക്ക വാങ്ങി തിന്ന തിനുശേഷം അതിന്റെ കുരു കൊണ്ട് കടം വീട്ടാൻ ശ്രമിച്ചു' അതുപോലെയാണ് റോഡരുകിൽ വീട് വച്ച് താമസിക്കാൻ ഇടയായ നിർഭാഗ്യവാനായ ഒരു കൃഷിക്കാരൻ, അവന്റെ ഭൂമിയിൽ ഒരു ഭാഗം സർക്കാർ റോഡു വികസനത്തിനോ മറ്റോ എടുത്തു കൊണ്ടുപോയാൽ അതിന്റെ വില വാങ്ങാമെന്നു വച്ചാൽ അതിനും സാധിക്കുകയില്ല. കാരണം ആ കർഷകൻ കൊടുക്കേണ്ട ബെറ്റർമെന്റ് ലെവി എന്താണെന്ന് കളക്ടറോ ബന്ധപ്പെട്ട അധികാരികളോ പറഞ്ഞതിനുശേഷം അത് തട്ടി കഴിച്ചേ കൊടുക്കൂ. അങ്ങനെയുള്ള വ്യവസ്ഥ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചാൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കുന്നതിന് ഇടയാകുമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഒരു പക്ഷേ സാധാരണക്കാരായ ആളുകൾക്ക് ഇതിന്റെ ദുരന്തഫലം അനുഭവിക്കേണ്ടി വരുമെന്നുള്ളതിനെപ്പറ്റി സൂക്ഷ്മമായി ചിന്തിച്ചിട്ടുണ്ടായെന്നുള്ളത് സംശയമാണ്.

പട്ടണപ്രദേശങ്ങളിലുള്ള ആളുകൾക്ക് ഒരു പക്ഷേ കെട്ടിടം പണിതാൽ വാടക കിട്ടുമായിരിക്കും. അല്ലാതെയുള്ളവർക്ക് സാങ്കൽപ്പികമായ ബെനിഫിറ്റ് അല്ലാതെ എന്താണ് ലഭിക്കുക ? അതുകൊണ്ട് എനിക്ക് പറയുവാനുള്ളത് ആറാം അദ്ധ്യായം വാസ്തവത്തിൽ ഈ ബില്ലിന്റെ തന്നെ സ്പിരിട്ടിന് യോജിച്ചതല്ല. റോഡിന്റെ സംരക്ഷണത്തിനും വികസനത്തിനും ഗതാഗതം നിയന്ത്രിക്കുന്നതിനുമുള്ള അധികാരങ്ങളും നടപടിക്രമങ്ങളും ഗവൺമെന്റിന് ആവശ്യമാണ്. എന്നാൽ നികുതി അല്ലാത്ത നികുതി എന്നുള്ള നിലയിൽ ഗവൺമെന്റിന് വരുമാനം ഉണ്ടാക്കുന്നതിനുള്ള ഒരു അദ്ധ്യായമായിട്ട് ഇത് ഉപയോഗിച്ചത് ഈ ബില്ലിന് അനുയോജ്യമായതല്ല. ഒരാളിന്റെ പക്കൽ നിന്ന് നികുതി പിരിക്കണമെന്നും ഫണ്ട് ഉണ്ടാക്കണമെന്നും ഉണ്ടെങ്കിൽ യഥാർത്ഥത്തിൽ ചെയ്യേണ്ടത് ഈ അദ്ധ്യായം ഇതിൽ നിന്ന് മാറ്റുകയും വേണമെങ്കിൽ പ്രത്യേക ടാക്സേഷൻ ബിൽ കൊണ്ടുവരുകയും ചെയ്യേണ്ടതാണ്. നികുതി എങ്ങനെ ചുമത്തണമെന്നും എത്ര ചുമത്തണമെന്നും തീരുമാനിക്കാനുള്ള അധികാരം ഗവൺമെന്റിനുണ്ട്. അല്ലാതെ റോഡ് സംരക്ഷിക്കുന്നതിനുവേണ്ടി കൊണ്ടുവരുന്ന ഈ ബില്ലിൽ ഇങ്ങനെ ഒരു അദ്ധ്യായം എഴുതി ചേർത്ത് നികുതിയുടെ രൂപത്തിൽ ഒരു സംഖ്യ വസൂലാക്കുക എന്നുള്ളത് ഈ ബില്ലിന്റെ സ്പിരിട്ടിന് തന്നെ യോജിച്ചതല്ലെന്നാണ് എനിക്ക് പറയുവാനുള്ളത്.

എൻ. ഐ. ദേവസ്സിക്കുട്ടി

മൂന്ന്, നാല്, അഞ്ച് കേരള നിയമസഭകളിൽ മണലൂർ നിയോജകമണ്ഡലത്തിൽ നിന്നുള്ള സാമാജികനായിരുന്ന അദ്ദേഹം കേരള നിയമസഭയുടെ അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി (1975-76), ലൈബ്രറി ഉപദേശകസമിതി (1977-79) എന്നിവയുടെ ചെയർമാൻ, അരിമ്പൂർ പഞ്ചായത്ത്, കേരള പഞ്ചായത്ത് അസോസിയേഷൻ, കേരള സംസ്ഥാന കർഷക കോൺഗ്രസ്സ് എന്നിവയുടെ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

# സ്പെയിന് രണ്ടാം ലോകകിരീടം

ലോകകപ്പ് ഫുട്ബോൾ ഫൈനലിൽ അർജന്റീനയെ ഏകപക്ഷീയമായ ഒരു ഗോളിന് പരാജയപ്പെടുത്തി സ്പെയിൻ 2026ലെ ലോക കിരീടം ചൂടി. ഫിഫ ലോകകപ്പിന്റെ 23ാം പതിപ്പായ 2026 ഫുട്ബോൾ ലോകകപ്പ് ജൂൺ 11 മുതൽ ജൂലായ് 19 വരെ സംഘടിപ്പിച്ചു. അമേരിക്കൻ ഐക്യനാടുകളിൽ പതിനൊന്ന്, മെക്സിക്കോയിൽ മൂന്ന്, കാനഡയിൽ രണ്ട് എന്നിങ്ങനെ 16 നഗരങ്ങളിലായാണ് മത്സരങ്ങൾ നടന്നത്. മൂന്ന് രാജ്യങ്ങൾ ആതിഥേയമരുളിയ ആദ്യത്തെ ഫുട്ബോൾ ലോകകപ്പാണിത്. മുമ്പുണ്ടായിരുന്ന 32 ടീമുകളുടെ ഘടന വിപുലീകരിച്ച് 48 ടീമുകളെ ഉൾപ്പെടുത്തിയതും ആദ്യമായാണ്. ഇത് രണ്ടാം തവണയാണ് സ്പെയിൻ ലോകകപ്പ് നേടുന്നത്. തുടർച്ചയായ 38 മത്സരങ്ങളിൽ തോൽവി അറിയാതെയാണ് സ്പെയിൻ ലോക ചാമ്പ്യന്മാരാകുന്നത്. കാബോ വെർഡെ, ജോർദാൻ, ഉസ്ബെക്കിസ്ഥാൻ, കുറസാവോ എന്നീ രാജ്യങ്ങൾ ആദ്യമായി പങ്കെടുത്തതെന്ന പ്രത്യേകതയും ഈ ലോകകപ്പിനുണ്ട്.












## ടൂർണമെന്റിലെ താരം – റോഡ്രി

സ്പെയിനെ രണ്ടാം ലോകകിരീടത്തിലേക്ക് നയിച്ച ക്യാപ്റ്റൻ റോഡ്രി 2026 ലോകകപ്പ് ഗോൾഡൻ ബോൾ സ്വന്തമാക്കി. ലയണൽ മെസ്സിയെ പിന്തള്ളിയാണ് റോഡ്രി ഈ നേട്ടം സ്വന്തമാക്കിയത്. മുൻ ബാലൺ ഡി ഓർ ജേതാവായ റോഡ്രി 2024 ജർമനിയിൽ നടന്ന യൂറോ കപ്പിലും മികച്ച താരമായിരുന്നു. ഇതോടെ ഗോൾഡൻ ബോൾ നേടുന്ന ആദ്യ സ്പാനിഷ് താരവുമായി റോഡ്രി.

## ഗോൾഡൻ ബൂട്ട് – എംബാപ്പെ

ലോകകപ്പിൽ ഏറ്റവും കൂടുതൽ ഗോൾ നേടിയ താരമായി ഫ്രാൻസിന്റെ കിലിയൻ എംബാപ്പെ. എട്ട് കളിയിൽ നിന്ന് 10 ഗോളും നാല് ഗോളവസരവും സൃഷ്ടിച്ചാണ് ഗോൾഡൻ ബൂട്ട് സ്വന്തമാക്കിയത്. തുടർച്ചയായ രണ്ടാം തവണയാണ് എംബാപ്പെ ഈ നേട്ടം കരസ്ഥമാക്കുന്നത്. അർജന്റീനയുടെ ലയണൽ മെസ്സിക്കാണ് സിൽവർ ബൂട്ട്.

## ഗോൾഡൻ ഗ്ലൗ – ഉനായ് സിമോൺ

സ്പാനിഷ് താരമായ ഉനായ് സിമോൺ മികച്ച ഗോൾകീപ്പറിനുള്ള ഗോൾഡൻ ഗ്ലൗ നേടി. ലോകകപ്പിൽ ഒരു ഗോൾ മാത്രം വഴങ്ങി ടീമിനെ കിരീടത്തിലേക്ക് നയിച്ചത് തന്റെ മികവാർന്ന പ്രകടനത്തിലൂടെയായിരുന്നു.

## മികച്ച യുവതാരം – പൗ കുബാർസി

ഫിഫ ലോകകപ്പ് 2026 ലെ മികച്ച യുവതാരത്തിനുള്ള പുരസ്കാരം സ്പെയിനിന്റെ യുവ പ്രതിരോധ താരം പൗ കുബാർസി സ്വന്തമാക്കി. ലോകകപ്പ് ചരിത്രത്തിൽ ബെസ്റ്റ് 'യങ് പ്ലെയർ' പുരസ്കാരം നേടുന്ന ആദ്യ സെന്റർബാക്ക് ഡിഫന്ററാണ് കുബാർസി. ടൂർണമെന്റിലെ എട്ട് മത്സരങ്ങളിൽ സ്പെയിനിനായി സ്റ്റാർട്ടിംഗ് ലൈനപ്പിലിറങ്ങിയ കുബാർസി പ്രതിരോധത്തിൽ വൻമതിലായി നിലകൊണ്ടു.

## ഡി. കെ. ശിവകുമാർ – കർണാടക മുഖ്യമന്ത്രി



കർണാടക മുഖ്യമന്ത്രിയായി ഡി. കെ. ശിവകുമാർ 2026 ജൂൺ 3ന് അധികാരമേറ്റു. ലോക്ഭവനിൽ നടന്ന പ്രതിജ്ഞാ ചടങ്ങിൽ ഗവർണ്ണർ താവർ ചന്ദ് ഗെലോട്ട് പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. സിദ്ധരാമയ്യയും ഡി. കെ ശിവകുമാറും ടേം വ്യവസ്ഥയിൽ മുഖ്യമന്ത്രി സ്ഥാനം പങ്കിടണമെന്ന തിരഞ്ഞെടുപ്പ് സമയത്തെ ധാരണ പ്രകാരമാണ് അദ്ദേഹം മുഖ്യമന്ത്രിയായത്. കർണാടക കോൺഗ്രസ് അധ്യക്ഷനായിരുന്ന ഡി. കെ. ശിവകുമാർ സിദ്ധരാമയ്യ സർക്കാരിൽ ഉപമുഖ്യമന്ത്രിയായിരുന്നു.

## വേർപാട്

### പി. എ. മാധവൻ



മുൻ നിയമസഭാംഗവും മുതിർന്ന കോൺഗ്രസ് നേതാവുമായ പി. എ. മാധവൻ (80) 2026 ജൂൺ 30ന് അന്തരിച്ചു. പതിമൂന്നാം കേരള നിയമസഭയിൽ മണലൂർ മണ്ഡലത്തിൽ നിന്നുള്ള അംഗമായിരുന്നു. നിലവിൽ കെ.പി.സി.സി. നിർവാഹക സമിതി അംഗമായി പ്രവർത്തിച്ചു വരുകയായിരുന്നു.

യൂത്ത് കോൺഗ്രസ് മണലൂർ ബ്ലോക്ക് പ്രസിഡന്റ്, തൃശൂർ ജില്ലാ സെക്രട്ടറി, ജനറൽ സെക്രട്ടറി, പ്രസിഡന്റ്, തൃശൂർ ജില്ലാ കോൺഗ്രസ് കമ്മിറ്റി ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ്, യു.ഡി.എഫ്. തൃശൂർ ജില്ലാ ചെയർമാൻ, മാള സഹകരണ സ്പിന്നിംഗ് മിൽസ് ചെയർമാൻ, തൃശൂർ ജില്ലാ പഞ്ചായത്ത് പ്രതിപക്ഷ നേതാവ്, സീതാറാം മിൽസ് ഡയറക്ടർ, തൃശൂർ ജില്ലാ മത്സ്യ വിൽപ്പനതൊഴിലാളി സഹകരണ സംഘം, എൻ.റ്റി.സി. ഷോറൂം എംപ്ലോയീസ് (കേരള), തൃശൂർ റെയിൽവേ ഗുഡ്സ് ഷെഡ് വർക്കേഴ്സ് യൂണിയൻ, തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഇലക്ട്രിസിറ്റി എംപ്ലോയീസ് യൂണിയൻ, തൃശൂർ കെ.എസ്.ഇ.ബി. തൊഴിലാളി യൂണിയൻ, ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ എംപ്ലോയീസ് യൂണിയൻ എന്നിവയുടെ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ : കെ. സാവിത്രി. രണ്ട് മക്കൾ.

### ടി. പി. എം. സാഹിർ



മുൻ നിയമസഭാംഗവും മുസ്ലീംലീഗ് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായ ടി.പി.എം സാഹിർ (83) 2026 ജൂലൈ 25ന് അന്തരിച്ചു. പതിനൊന്നാം കേരള നിയമസഭയിൽ കോഴിക്കോട്-II മണ്ഡലത്തിൽ നിന്നുള്ള അംഗമായിരുന്നു.

മുസ്ലീംലീഗ് സംസ്ഥാന ഉപാധ്യക്ഷൻ, ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹം കോഴിക്കോട്ടെ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ സജീവ സാന്നിധ്യമായിരുന്നു. എം.ഇ.എസ് എഞ്ചിനീയറിംഗ് കോളേജ് ഡയറക്ടർ, കൊച്ചി സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം, കെൽട്രോൺ ഡയറക്ടർ, കോഴിക്കോട് ജെയ്സീസ്, കോഴിക്കോട് പുവർഹോം സൊസൈറ്റി എന്നിവയുടെ പ്രസിഡന്റ്, എം.എസ്.എസ്. കോഴിക്കോട് ജില്ലാ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ : ഫാത്തിമ ഷെറഫ, അഞ്ച് മക്കൾ.

## എസ്. ജാനകി



അനുഗൃഹീതമായ സ്വരമാധുര്യവും അനുപമമായ ആലാപന ശൈലിയുമായി തലമുറകളുടെ ഹൃദയത്തിൽ ഇടം നേടിയ ഇതിഹാസ ഗായിക എസ്. ജാനകി (88) ജൂലൈ 11ാം തീയതി അന്തരിച്ചു. 'തെന്നിന്ത്യൻ വാനമ്പാടി' എന്നറിയപ്പെടുന്ന എസ്. ജാനകിയുടെ ആറ് പതിറ്റാണ്ട് നീണ്ട സംഗീത ജീവിതത്തിൽ മലയാളം, തെലുഗു, കന്നഡ, തമിഴ്, ഹിന്ദി എന്നിവ ഉൾപ്പെടെ ഇരുപതോളം ഭാഷകളിലായി നാൽപ്പതിനായിരത്തിലേറെ ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. മികച്ച ഗായികയ്ക്കുള്ള ദേശീയ പുരസ്കാരം 4 തവണയും കേരള സർക്കാരിന്റെ പുരസ്കാരം 11 തവണയും മറ്റ് സംസ്ഥാന സർക്കാരുകളുടെ പുരസ്കാരം 22 തവണയും ലഭിച്ചിട്ടുണ്ട്. 1938 ഏപ്രിൽ 23ന് ആന്ധ്രപ്രദേശിലെ ഗുണ്ടൂരിൽ, ആയുർവേദ ഡോക്ടർ ശിസ്തില രാമമൂർത്തിയുടെയും സത്യവതിയുടെയും മകളായി ജനിച്ചു. 1957ൽ 19ാം വയസ്സിൽ പ്രശസ്ത സംഗീത സംവിധായകൻ ചലപതി റാവുവിനുവേണ്ടി വിധിയിൻ വിളയാട്ട് എന്ന തമിഴ് ചിത്രത്തിൽ പാടിയാണ് തുടക്കം കുറിച്ചത്. 1957ൽ മിന്നുന്നതെല്ലാം പൊന്നല്ല എന്ന ചിത്രത്തിലെ ഗാനത്തിലൂടെയാണ് മലയാളത്തിൽ തുടക്കം കുറിച്ചത്. മലയാളത്തിൽ മാത്രമായി 1200ലേറെ ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. തമിഴ്, തെലുഗു ചിത്രങ്ങൾക്കായി പാട്ടെഴുതി സംഗീത സംവിധാനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

## സലിം കുമാർ



ദേശീയ പുരസ്കാര ജേതാവും മലയാള ചലച്ചിത്ര രംഗത്തെ പ്രശസ്ത അഭിനേതാവും മിമിക്രി താരവുമായിരുന്ന സലിം കുമാർ (56) 2026 ജൂൺ 6ന് അന്തരിച്ചു. 1969 ഒക്ടോബർ 10ന് എറണാകുളം ചിറ്റാറ്റുകരയിൽ ഗംഗാധരന്റെയും കൗസല്യയുടെയും മകനായി ജനിച്ചു. വടക്കൻ പറവൂരിലുള്ള ഗവ. ലോവർ പ്രൈമറി സ്കൂൾ, ഗവ. ബോയ്സ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. മാല്യങ്കര എസ്.എൻ.എം. കോളേജിലെ പ്രീഡിഗ്രി വിദ്യാഭ്യാസത്തിനുശേഷം എറണാകുളം മഹാരാജാസ് കോളേജിൽ നിന്ന് ബിരുദം നേടി. മഹാത്മാഗാന്ധി സർവകലാശാല കലോത്സവത്തിൽ മിമിക്രിയിൽ മൂന്ന് തവണ തുടർച്ചയായി ഒന്നാം സ്ഥാനം നേടി. കൊച്ചിൻ കലാഭവൻ ഉൾപ്പെടെയുള്ള വേദികളിൽ നിന്നും ടെലിവിഷൻ മേഖലയിലേക്കും തുടർന്ന് സിനിമാ മേഖലയിലേക്കും കടന്നുവന്നു. 'ഇഷ്ടമാണ് നൂറുവട്ടം' എന്ന ചിത്രത്തിലൂടെ സിനിമാ രംഗത്തെത്തിയ അദ്ദേഹം തമിഴ്, ബംഗാളി ഭാഷകളിലുൾപ്പെടെ മുന്നൂറോളം ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. നടനായും സംവിധായകനായും എഴുത്തുകാരനായും മികവ് പ്രകടമാക്കി. 'ആദാമിന്റെ മകൻ അബു' എന്ന ചിത്രത്തിന് മികച്ച നടനുള്ള ദേശീയ പുരസ്കാരം ലഭിച്ചു. മികച്ച നടൻ (ആദാമിന്റെ മകൻ അബു), മികച്ച രണ്ടാമത്തെ നടൻ (അച്ഛനുറങ്ങാത്ത വീട്), മികച്ച ഹാസ്യനടൻ (അയാളും ഞാനും തമ്മിൽ), മികച്ച കഥാകൃത്ത് (കറുത്ത ജൂതൻ) എന്നീ വിഭാഗങ്ങളിൽ സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങളും 2013ൽ മികച്ച നടനുള്ള സംസ്ഥാന ടെലിവിഷൻ അവാർഡും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. സുനിതയാണ് ഭാര്യ. അഭിനേതാവായ ചന്തു, ആരോമൽ എന്നിവർ മക്കളാണ്.

# നിയമസഭാ
# ലൈബ്രറിയിലെ
# പുതിയ പുസ്തകങ്ങളിലൂടെ




**ഞാൻ, ഞാൻതന്നെ : ഓർമ്മക്കുറിപ്പുകൾ**
**സുനിത കൃഷ്ണൻ**
**സെനു കുര്യൻ ജോർജ്ജ്, വിവ.**
ഡി. സി. ബുക്സ് :
കോട്ടയം, 2025.
Y15(W:58)-wSUN 32R5
(ഓർമ്മക്കുറിപ്പുകൾ)




**നാലാം തൂണിന്റെ പക്ഷം**
**എം. സ്വരാജ് , എഡി.**
ചിന്ത പബ്ലിഷേഴ്സ്: തിരുവനന്തപുരം, 2026.
4(W):g 32R6
(ജനാധിപത്യത്തിന്റെ നാലാം തൂണായ മാധ്യമസ്ഥാപനങ്ങൾ അധഃപതിച്ചതിനെക്കുറിച്ച് വിശദീകരിക്കുന്നു)




**അവളകം**
**ഫ്രാൻസിസ് നൊറോണ**
ഡി. സി. ബുക്സ് : കോട്ടയം, 2025.
O32,3FRA R5
(നോവൽ)




**ഇരീച്ചാൽ കാപ്പ്**
**ഷംസുദ്ദീൻ കുട്ടോത്ത്**
ഡി. സി. ബുക്സ്: കോട്ടയം, 2025.
O32,3SHA,I R5
(നോവൽ)




**വെയിൽക്കണ്ണാടി**
**എം. വേണുകുമാർ**
കറന്റ് ബുക്സ് : കോട്ടയം, 2025.
O32,3VEN R5
(നോവൽ)




**നവസംസ്കാരപഠനങ്ങൾ**
**ഷാജി ജേക്കബ്**
ആത്മ ബുക്സ്: കോഴിക്കോട്, 2025.
O32,6SHA:g R5
(പഠനങ്ങൾ)




**മായാത്ത മഴവില്ല് : ലേഖനങ്ങൾ സമ്പൂർണ്ണം**
**ലളിതാംബിക അന്തർജനം**
ഡി. സി. ബുക്സ് : കോട്ടയം, 2024.
O32,6LAL,M R4
(ലേഖനങ്ങൾ)




**കഥയുടെ സഹയാത്രികൻ**
**കെ. എസ്. രവികുമാറിന്റെ രചനാജീവിതം**
**മാങ്ങാട് രത്നാകരൻ & സി. അനൂപ് ,എഡി.**
കറന്റ്ബുക്സ് : കോട്ടയം, 2025.
O32,6RAV R5
(ലേഖനങ്ങൾ)




**ഐക്യകേരളത്തിന്റെ തിരഞ്ഞെടുപ്പ് ചരിത്രം**
**വിൻസെന്റ് പുത്തൂർ**
ബുക്കർ മീഡിയ പബ്ലിക്കേഷൻസ്: തൃശ്ശൂർ, 2025.
W:91.212 32R5
(1957 മുതൽ 2021 വരെയുള്ള തിരഞ്ഞെടുപ്പുകളും പ്രധാനപ്പെട്ട രാഷ്ട്രീയ സംഭവങ്ങളും വിവരിക്കുന്ന പുസ്തകം)




**വിജ്ഞാന കേരളം : സിദ്ധാന്തത്തിൽനിന്ന് പ്രയോഗത്തിലേക്ക്**
**ഡോ. ടി. എം. തോമസ് ഐസക്**
ചിന്ത പബ്ലിഷേഴ്സ്: തിരുവനന്തപുരം, 2025.
X:99N.212 32R5
(വിജ്ഞാന സമ്പദ്‌വ്യവസ്ഥയെപ്പറ്റി വിശകലനം ചെയ്യുന്ന ഗ്രന്ഥം)




**Destruction and Sorrow Beneath the Heavens: Reportage**
**Laszlo Krasznahorkai**
Ottilie Mulzet, Tr.
Seagull Books: Calcutta, 2016.
O5,3KRA 111Q6

(A semi-autobiographical novel tells us the story of a European man obsessed with Chinese culture travelling throughout China in search of real sino culture. The author got Nobel Prize in Literature in 2025)




**Judiciary and Social Change in British Malabar 1792-1940**
Vasantha Kumari C.
Irish: Tellicherry, 2012.
V2153,7'L92-N40 Q2

(This book details how the British legal apparatus transformed the traditional social structure, land relations and caste dynamics in Malabar)

# സഭാ ടി വി ആർകൈവ്സ് ഉദ്ഘാടനം ചെയ്തു.

കേരള നിയമസഭയുടെ ചരിത്ര പ്രാധാന്യമുള്ള ഓഡിയോ-വിഷ്വൽ രേഖകൾ ഡിജിറ്റലായി സംരക്ഷിക്കുകയും പൊതുജനങ്ങൾക്കും ചരിത്രാന്വേഷികൾക്കും വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനുമായി സഭാ ടി.വി. പുതിയ യൂട്യൂബ് ചാനൽ ആരംഭിച്ചു. 2026 ജൂലൈ 17ന് സ്പീക്കറുടെ ചേംബറിൽ നടന്ന ചടങ്ങിൽ സഭാ ടി വി ആർകൈവ്സ് ട്രെയിലർ വീഡിയോ പ്രകാശനം ചെയ്തുകൊണ്ട് നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു.

കേരള നിയമസഭയുടെ പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ നിയമസഭയുടെ ഔദ്യോഗിക മാധ്യമമായ സഭാ ടി വി നിർണ്ണായക പങ്കാണ് വഹിക്കുന്നതെന്ന് സ്പീക്കർ അഭിപ്രായപ്പെട്ടു. നിയമസഭാ നടപടികളുടെ തത്സമയ സംപ്രേഷണത്തിനായി സഭാ ടി.വി. യൂട്യൂബ് ചാനലും ഡോക്യുമെന്ററികൾ, അഭിമുഖങ്ങൾ, പ്രത്യേക പരിപാടികൾ എന്നിവ അവതരിപ്പിക്കുന്ന സഭാ ടി.വി. എക്സ്ക്ലൂസീവ് യൂട്യൂബ് ചാനലും നിലവിൽ പ്രവർത്തിച്ചുവരുകയാണ്. ഇതിന്റെ തുടർച്ചയായാണ് കേരള നിയമസഭയുടെ ചരിത്ര പൈതൃകം സംരക്ഷിക്കുകയും പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്ന 'സഭാ ടി വി ആർകൈവ്സ്' ആരംഭിക്കുന്നതെന്ന് സ്പീക്കർ പറഞ്ഞു.

കേരളത്തിന്റെ ജനാധിപത്യപ്രക്രിയയുടെ വികാസത്തിലും നിയമനിർമ്മാണ ചരിത്രത്തിലും വിവിധ ജനപ്രതിനിധികൾ നൽകിയ സംഭാവനകൾ രേഖപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുന്നതിനൊപ്പം അവ ഗവേഷകർക്കും വിദ്യാർഥികൾക്കും മാധ്യമപ്രവർത്തകർക്കും പൊതുസമൂഹത്തിനും ഭാവി തലമുറയ്ക്കും പ്രയോജനപ്പെടുന്ന ഒരു സ്ഥിരം ഡിജിറ്റൽ റഫറൻസ് ശേഖരമായി ഈ ചാനൽ മാറുമെന്ന് സ്പീക്കർ പ്രത്യാശ പ്രകടിപ്പിച്ചു.



സഭാ ടിവി ആർകൈവ്സ് യൂട്യൂബ് ചാനൽ സന്ദർശിക്കുന്നതിനായി QR കോഡ് സ്കാൻ ചെയ്യുക.

സഭാ ടിവി ആർകൈവ്സ് യൂട്യൂബ് ചാനലിന്റെ ഉദ്ഘാടന വീഡിയോ കാണുന്നതിനായി QR കോഡ് സ്കാൻ ചെയ്യുക

**ARIVORAM**
BIMONTHLY I **AUGUST 2026** I PRICE ₹ 50/-



15th AUGUST 1947



# അറിവോരം

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് മാഗസിൻ

Printed and Published by Shaji C Baby, Secretary-in-charge, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Niyamasabha Printing Press, Thiruvananthapuram and Published from Data Resource Development 'B' Section. Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram-695 033, Chief Editor: Speaker, Kerala Legislative Assembly